ഏകദേശം ൧൦൬൦-ാമാണ്ടോടടുത്താണെന്നു തോന്നുന്നു, വിദേശീയരായ സംഗീതനാടകക്കാർ കേരളത്തിലേക്കു കടന്നതു്. അതിനുമുമ്പു് ശാകുന്തളം, ജാനകീപരിണയം മുതലായ ഭാഷാനാടകങ്ങൾ കേരളീയർ അങ്ങിങ്ങായി അഭിനയിച്ചുവന്നു. കഥകളിയുടെരീതിയിൽ പ്രഭുവസതികളിലോ ഉദ്യോഗസ്ഥരുടെ വസതികളിലോ മുററത്തുമാറി ചരിച്ചുകെട്ടുന്ന ഒരു ഓലപ്പുരയുടെ കീഴിൽ പലകകൊണ്ടു തല്ക്കാലത്തേക്കുണ്ടാക്കുന്ന സ്റ്റേജിൽ മൂന്നുകർട്ടൻ ഇട്ടു്, അനവധി ഭിത്തിച്ചിമ്മിനിവിളക്കുകൾ നിരത്തിവച്ചു് മുൻപിൽ ആകാശത്തിൻകീഴിൽ ഇരിക്കുന്നവക്കു് കാണുവാൻ അഭിനയിക്കുന്നു. വീട്ടുകാരനോടുള്ള ആദരവും ഭയവും അനുസരിച്ചു് പൊലിവു നടത്തിപ്പണപ്പിരിവും ഉണ്ടാക്കുന്നു. ഗ്രന്ഥത്തിൽ ഇല്ലാത്ത ചിലഭാഗങ്ങൾ ആദ്യം അഭിനയിക്കുന്നുണ്ടു്. സൂത്രധാരൻ പ്രവേശിച്ചു് വിനോദാസ്യത്തിനുവേണ്ടി വിദൂഷകനെ വിളിച്ചു് ഗണപതി സരസ്വതി എന്നീദേവതകളെ പൂജിക്കുവാൻ ഒരുങ്ങുന്നു. രണ്ടാമത്തെ കർട്ടൻ പൊങ്ങുമ്പോൾ ആനത്തലയോടുകൂടി ഒരു പീഠത്തിൽ കാണുന്നതു ഗണപതിയാണു്. സരസ്വതിയുടെ വേഷവും നായികയുടെ വേഷവും ഒന്നുതന്നെ. സരസ്വതിയായി വരുമ്പോൾ രാജ-

പ്പാർട്ടിൻെറ തൊപ്പി ആ വേഷക്കാരൻെറ തലയിൽ ചരിച്ചുവച്ചേക്കുമെന്നൊരു വ്യത്യാസമേയുള്ളൂ. വിദൂഷകൻെറ സ്തോത്രങ്ങൾ വികടത്വത്തിൻെറ ശുഷ്കഭാഗങ്ങൾ ആയിരിക്കുമെന്നു തന്നെയല്ല "പുരചാണിയുന്നതിനു തടിപിടിച്ചുതരാമോ" എന്നു ഗണപതിയോടും "കൊച്ചുപെണ്ണേ! നിന്നെ ഞാൻ വിവാഹംകഴിച്ചുകൊള്ളട്ടയോ?" എന്നു സരസ്വതിയോടും ആ വിദ്വാൻ ചോദ്യം ചെയ്യുന്നുമുണ്ട്.

ഇതോടുകൂടി മലയാളത്തിലേക്ക് തമിഴ്നാടകക്കാരുടെ വരവുണ്ടായി. രാമുഡു, സുബ്ബുഡു, ഗണേശൻ, വൈത്തി, കല്യാണരാമയ്യർ, ഗോപാൽറാവു, പാലക്കാട്ടു പരമേശ്വരയ്യർ, ചിന്നസ്വാമാ, ആൾവാർ, ബാലാമണി, എന്നിങ്ങനെ സാമാന്യം ഭേദപ്പെട്ട ആളുകളാണ് തമിഴ്നാടകവുമായി വന്നിരുന്നതു്. അഭിനയത്തിനും ഇക്കൂട്ടർ ഏതാണ്ടൊരു സ്ഥാനം കല്പിച്ചിരുന്നു. ഭാഷാനാടകങ്ങളിൽ ഇല്ലാതിരുന്ന സംഗീതം മലയാളികൾക്ക് പരിചയപ്പെടുവാൻ ഇടയായതു് ഈ വിദേശീയനാടകങ്ങളിൽ നിന്നുമാണ്.

അതുകൊണ്ടു് പിന്നീടുണ്ടായ ഹരിശ്ചന്ദ്രചരിതം, സംഗീതനൈഷധം, സദാരാമ എന്നീ നാടകങ്ങളിൽ ഭാഷാനാടകങ്ങളിലെ ശ്ലോകരീതിയും തമിഴ്നാടകത്തിലേ സംഗീതവും ഏകീഭവിച്ചു കണ്ടു. തമിഴ്നാടകത്തിലേ കള്ളൻപാർട്ടു് അതേരൂപത്തിൽ ഇവിടെയും പകർത്തിയിരിക്കുന്നതായി കാണാം. പാട്ടിനുവേണ്ടി ഔചിത്യം ബലികഴിക്കുന്നതിനു് ഒരു മികച്ച ദൃഷ്ടാന്തം

'മാടത്തിൻ കീഴിൽ വസിപ്പതു
മഞ്ഞക്കിളിയോ മരനായോ' എന്നുള്ളതാണ്.

മഞ്ഞക്കിളിയേയും മരനായേയും കണ്ടാൽ തിരിച്ചറിയാൻപാടില്ലാത്തതു തമിഴ്പാട്ടുകളുടെ മട്ടു കിട്ടണമെന്നുള്ള ആഗ്രഹക്കൂടുതലിനാൽ ആണ്. ഇതോടുകൂടി നാടകംതന്നെ ജീവിതവൃത്തിയാക്കി അംഗീകരിച്ച കുറേ നടന്മാരും ഉണ്ടായി. രാജാപ്പാർട്ടുകാരൻ കുതാവു വളർത്തിനീട്ടിയും സ്ത്രീപ്പാർട്ടുകാരൻ തലമുടി മുഴുവൻ വളർത്തിയും നടന്നിരുന്നതിനാൽ വേഷധാരണത്തിനു പ്രയാസം കുറഞ്ഞതോടുകൂടി സുന്ദരമ്മന്യന്മാരും കാമിനീചിത്തതസ്കരന്മാരും ആയ യുവാക്കന്മാർക്ക് ഒരു വേഷമാതൃകക്കൂടെ ലബ്ധമായി. ഇക്കാലത്തു വിദൂഷകൻെറ ഉപദ്രവം വിഷൂചികയുടെ ഉപദ്രവത്തേക്കാൾ കക്ശതരമായിരുന്നു.

ഇതു് ഭാരതീയസാഹിത്യത്തിനുണ്ടായിരുന്ന ഒരു കുറവിനെ കാലാനുസൃതമായി പരിഹരിക്കുവാനുള്ള ശ്രമത്തിൽനിന്നുണ്ടാകുന്ന വൈലക്ഷണ്യമാണ്. പ്രാചീനകാവ്യകർത്താക്കളുടെ ആദർശമാഹാത്മ്യത്തിൽനിന്നു വളരെ ദൂരെ നില്ക്കുന്ന ഇദാനീന്തനന്മാരായ സാമാന്യജനങ്ങൾക്കു് ഫലിതം ഹൃദ്യമായ ഒരു രസം തന്നെയാണ്. പഴയതോതു പിടിച്ചും പഴയ കഥകൾ അടിസ്ഥാനമാക്കിയും രചിച്ചുവന്ന നാടകങ്ങളിൽ പരിപൂർണ്ണവിനോദരസം പ്രകടിപ്പിക്കുന്നതായ കഥാപാത്രങ്ങളെക്കൊണ്ടുവരുവാൻ നാടകകർത്താക്കൾ ശക്തരായിരുന്നുമില്ല. അതുകൊണ്ടു കഥയോടു ബന്ധം ഇല്ലാത്ത ഒരു അസംബന്ധക്കാരനെ രംഗത്തിൽ പ്രവേശിപ്പിക്കേണ്ടതായ ആവശ്യം വന്നുകൂടി. അവനാകട്ടെ ദുഷ്ഷന്തൻ ശകുന്തളയെ മറന്നോ ഇല്ലയോ, കണ്വൻ താപസനാണോ അതോ കുഞ്ഞുമഹമ്മദ്ഹാജിയുടെ ചേട്ടനാണോ എന്നൊന്നും നോക്കേണ്ടതായ ആവശ്യം ഇല്ല. തന്നെ ഏതുകാര്യത്തിനു നിയമിച്ചുവോ അക്കാര്യം സ്ഥാനത്തിലും അസ്ഥാനത്തിലും നിർവ്വഹിക്കണമെന്നേയുള്ളൂ.

ഇങ്ങനെയൊക്കെ സമാധാനപ്പെടാമെന്നിരുന്നാലും നായകവിരഹത്തിൽ പരമാതുരയായി വിലപിക്കുന്ന നായിക "തോഴീ, എന്നെ താങ്ങിയിരിക്കുന്നതാരാണ്." എന്ന ചോദിക്കുമ്പോൾ "തുമരപ്പറമ്പിലെ കൊച്ചുകുഞ്ഞുചേട്ടനാണ്" എന്നും, പുത്രന്റെ അകാലമരണത്തിൽ വാവിട്ടു നിലവിളിക്കുന്ന ചന്ദ്രമതിയോട്:— "കരയല്ലേ ഒരു സിങ്കിൾ ചായ വാങ്ങിത്തരാം" എന്നും ഒക്കെപ്പറഞ്ഞു വികാരപാരമ്യത്തിന്റെ നിർഭരശക്തി നശിപ്പിക്കുന്ന ഇവന്റെ പല്ലു മുപ്പത്തിരണ്ടും താഴെയിടണമെന്ന തോന്നാത്തവരായി ആരും ഉണ്ടായിരിക്കുകയില്ല.

അതുവരെ അഭിനയത്തിലും പാട്ടിലും ഒന്നുംഅപാകത വരാതെയിരുന്ന മലയാള നാടകത്തിന്റെ പിന്നത്തെഗതി, സർവ്വേശ്വരാ! ഭയങ്കരംതന്നെയാണേ! മുമ്പുപറഞ്ഞതു പോലെ ആദ്യംവന്ന തമിഴ്ഡ്റാമാക്കാർ തരക്കേടില്ലായിരുന്നു. എന്നാൽ പിന്നീട് മധുരതിരുനെൽവേലി ഭാഗങ്ങളിൽനിന്ന് കുറെ കടലക്കച്ചവടക്കാരും കച്ചവടക്കാരികളും തീവണ്ടിവഴി ഇങ്ങോട്ടെത്തി, വെളിമ്പുരയിടങ്ങളിൽ ഓലക്കോട്ടകൾകെട്ടി. കൺട്രാക്ററർമാർ പണം ഉണ്ടാക്കുവാനും തുടങ്ങി. അക്ഷരമെന്നുള്ളതു് അങ്ങാടിമരുന്നോ പച്ചമരുന്നോ എന്നറിവില്ലാത്ത കൺട്രാക്ററർമാരും, ശ്രീകൃഷ്ണൻ എന്നയാൾ തുണിക്കച്ചവടക്കാരനോ റെയിൽവേഗാർഡോ എന്നുനിശ്ചയമില്ലാത്ത നാടകക്കാരും, ചാരായഷാപ്പും, കൊൾളാങ്കിടിയും, വിളക്കിനേറും, തമ്മിലടിയും എല്ലാംകൂടിച്ചേർന്ന് മലയാളികളുടെ വാസനയെ പാതാളത്തിലും താഴേക്കു താഴ്ത്തി.

തമിഴ്ഡ്റാമാക്കാരെ അനുകരിച്ച് കോവിലൻചരിതം, അല്ലിറാണി, വള്ളീകല്യാണം, ഗുലേബക്കാവലി, പാരിജാതപുഷ്പഹരണം, പാഴ്സിലളിതാംഗി, മദനസേനചരിതം എന്നിങ്ങനെ മലയാളത്തിൽത്തന്നെ പല സംഗീതനാടകങ്ങളും ഉണ്ടായിട്ടുണ്ടു്. ഇംഗ്ലണ്ടിലെ എലിസബത്തിൻകാലം കഴിഞ്ഞിട്ട് ൧൭-ാം ശതകത്തിൽ വന്നുചേർന്ന കുഴപ്പങ്ങൾ എല്ലാം ഇവിടെ കാണുവാനുണ്ടു്. അവിടെ ൧൬൪൨-ാം വഷത്തിൽ ഒരു രാജകീയവിളംബരം ഉണ്ടായി. നാടകക്കാരെ മോഷ്ടാക്കളെയും മററുക്രിമിനൽപുള്ളികളേയുംപോലെ ശിക്ഷിക്കണമെന്നായിരുന്നു അതിന്റെ സാരം. ൧൬൪൭, ൧൬൪൮, ൧൬൪൯ ഈ വഷങ്ങളിലും ഇതുപോലെയുള്ള പാർലമെണ്ടുനിയമങ്ങൾ അവിടെ ഉണ്ടായതായും ഒട്ടുവിലത്തെ നിയമം അനുസരിച്ച് നടന്മാരെ പബ്ളിക്കുസ്ഥലങ്ങളിൽ വച്ച് ചമ്മട്ടികൊണ്ടു് അടിക്കണമെന്നു വ്യവസ്ഥയുണ്ടായിരുന്നതായും കാണാവുന്നതാണ്. ഇതിൽനിന്നു കാണാവുന്നതു് ഇംഗ്ലണ്ടിൽ ഇക്കൂട്ടരുടെ നികൃഷ്ടവൃത്തികൾ ഒരു ശതവർഷത്തിൽക്കൂടുതൽ നീണ്ടുനിന്നിരുന്നു എന്നാണ്. അങ്ങനെയാണ് ഇവിടെയും വരുവാൻപോകുന്നതെങ്കിൽ കാര്യം മഹാ കഷ്ടമാകുമെന്നേ പറയുവാൻ ഉള്ളൂ.

ന നടാ ന വിടാ ന ഗായകാഃ
ന ച സഭ്യേതരവാദ ചുഞ്ചവഃ
നൃപമീക്ഷിതു മത്രകേ വയം
സ്തനഭാരാ നമിതാ നയോഷിതഃ

എന്നു ഭർത്തൃഹരി പറയുന്നു. അതിന്റെ സാരം:— ഒരു കൂട്ടർ പറയുകയാണ്, 'ഞങ്ങൾ രാജാവിനെ കാണ്മാൻ ആരാണ്? ഞങ്ങൾ നടന്മാരല്ല, പാട്ടുകാരല്ല, ആഭാസന്മാർ അല്ല, തേവിടിശ്ശികളും അല്ല. പിന്നെ ഞങ്ങൾ രാജാവിനെ എന്തിനു കാണണം?'

നമ്മുടെ രാജാക്കന്മാർക്കും നമ്മുടെ അഭിനയവിദഗ്ദ്ധന്മാർക്കും ഇതു് ഒരുനല്ലസർട്ടിഫിക്കേററുതന്നെ. കേരളത്തിനെപ്പററി ഇക്കാര്യത്തിൽ കൂടുതൽ കുററം പറയേണ്ടതായ

ആവശ്യമില്ല. ഇംഗ്ലണ്ടിൽതന്നെ നാടകക്കാൎക്കു് മാന്യത ഉണ്ടായതു് പത്തൊൻപതാം ശതകത്തിന്റെ മദ്ധ്യത്തിലാണു്. രാജ്യത്തിൽ പരമോൽകൃഷ്ട സ്ഥിതികൾ ഉള്ളവരുടെ ആഭിമുഖ്യങ്ങളും, സർവകലാശാലാസന്താനങ്ങളുടെ അഭിനയപരിശീലനവും ഈ പരിവൎത്തനത്തിനു കാരണങ്ങളാണു്. മഹായുദ്ധകാലത്തിൽ യുദ്ധത്തിനുവേണ്ടി നടന്ന നാടകാഭിനയങ്ങളിൽ കൊട്ടാരം മുതൽ താഴോട്ടുള്ളവരെല്ലാം ഭാഗഭാക്കുകളായതോടുകൂടി ഇംഗ്ലീഷ് നാടകവേദിക്കു് അനന്യസുലഭമായ മാന്യതലബ്ധമായി. അതുകൊണ്ടു് ആ പ്രകാരമുള്ള ഒരു സ്ഥിതിവൈശിഷ്ട്യം ഇവിടെയും വരുമെന്നു് നമുക്കാശിക്കാം.

പ്രധാന നഗരങ്ങളിൽ ഊക്കൻനാടകക്കൊട്ടകകൾ കാണുവാൻ ഉണ്ടെങ്കിലും നമ്മുടെ പാർസിലളിതാംഗിമാരും ഹരിശ്ചന്ദ്രചക്രവൎത്തിമാരും നാട്ടിൻപുറങ്ങളിലെ കയ്യാലകൾ ചവിട്ടിത്തകൎക്കുന്നതായി ധാരാളം കാണുന്നുണ്ടു്. ചെമന്നമണ്ണുനിറഞ്ഞ ഒരു പുരയിടത്തിൽ ഒരു രാവിലെ കുറെയേറെ ബീഡിത്തുണ്ടും സാധാരണയിൽകൂടുതൽ നനവും മുറുക്കിത്തുപ്പലും കാണുന്നതായാൽ ആ സ്ഥലം തലേരാത്രിയിൽ ചില രാജശേഖരന്മാരുടേയും രാജകന്യകമാരുടേയും പ്രണയമധുരങ്ങളായ ആരാമങ്ങളാൽ നിറയപ്പെട്ടതായിരുന്നു എന്നും, അവിടെക്കാണുന്ന കയ്യാലയുടെ പുറത്തിരുന്നാണു് ഒരു രാജാധിരാജൻ അതിവിസ്തൃതമായ തന്റെ സാമ്രാജ്യം ഭരിച്ചതെന്നും തീൎച്ചപ്പെടുത്താവുന്നതാണു്. രംഗത്തിന്റെ ആദ്യവസാനഘട്ടങ്ങളിൽ കർട്ടൻ പൊങ്ങുന്നതും താഴുന്നതും ഇക്കാലത്തെ ഒരു പ്രസവവേദനയുടെ കഷ്ടപ്പാടോടുകൂടിയാണു്. ചരടു കയറിപ്പിണയുകയാണെങ്കിൽ രംഗാവസാനത്തിൽ മരിച്ചുവീണനടൻതന്നെ എഴുനേററു് ചരടു ശരിയാക്കി മരണം അഭിനയിക്കുന്നതിനായി വീണ്ടും കിടക്കേണ്ടി വരുന്നതാണു്. പെട്ടെന്നു താഴെക്കു വരുന്ന കൂട്ടത്തിൽ വല്ല രാജാവിന്റെയും തലപൊട്ടിയേക്കാനും മതി

സ്റ്റേജിന്റെ മുൻവശത്തു് വലത്തുമാറി ഒരു സുന്ദരവിഡ്ഢിയെ എപ്പോഴും കാണാമെന്നുള്ളതാണു് വലിയ സങ്കടം. തയ്യൽമിഷ്യന്റെ ജാതിയിൽ ഒരു ഹാർമ്മോണിയവുമായി, ചീകിഒതുക്കിയ തലമുടിയോടും ലോലമായ സിൽക്കുഷർട്ടോടും കൈനിറയെ പൊന്നാഭരണങ്ങളോടുംകൂടി കാണപ്പെടുന്ന പക്കാപ്പാട്ടുകാരന്റെ അടുത്തു് ഇന്ദ്രനും ഇന്ദ്രാണിയും തമ്മിൽ പ്രണയകലഹങ്ങൾ ഉണ്ടാകുന്നു; ശ്മശാനഭയാനകതയിൽ ഹരിശ്ചന്ദ്രൻ വിലപിക്കുന്നു; ശ്രീകൃഷ്ണൻ ഭാമയുമായി സല്ലപിക്കുന്നു. എന്തായാലും ആ സുന്ദരേശനെ ആ ഇരിപ്പിൽ തന്നെ കാണാം. മനുഷ്യർ ആരും ഇല്ലാത്ത ഒരു ഘോരകാന്താരത്തിന്റെ മദ്ധ്യത്തിൽ അർദ്ധരാത്രിയിലെ കൂരിരുട്ടായിരിക്കാം സീൻ കാണിക്കുന്നതു്. അപ്പോഴും ആ വിഡ്ഢിയെ അതിനടുത്തു് ക്രാപ്പുംചീകി ഹാർമോണിയവുമായി കാണാം. ഇവൻ അവിടെ നിന്നുമാറി മറയ്ക്കുള്ളിലേക്കു പോകുന്ന കാലംവരെ തമിഴിനെപ്പോലെ മലയാളത്തിലെ നാടകവും ബീഭത്സമയമായി ഇരിക്കുകതന്നെ ചെയ്യുന്നതാണു്

പിന്നീടാണു വേഷങ്ങളുടെ വരവു്. പ്രവേശനപ്പാട്ടും പോക്കുപാട്ടും ഇല്ലാതെ ഒരു വേഷക്കാരൻപോലും അരങ്ങത്തു വരികയില്ലെന്നുള്ളതു് ഒരിക്കലും തെററിക്കാത്ത ഒരു നിയമം ആണത്രെ. മരിച്ചുകിടക്കുന്ന മകനെ കാണ്മാൻ വരുന്ന ചന്ദ്രമതി കർട്ടന്റെ ഒരു വശത്തുനിന്നു കാൽമണിക്കൂർ പാടി തൊണ്ടതെളിച്ചു വെളിയിലേക്കുരുണ്ടു് ശവത്തിന്റെ മുൻപിലായും എന്നാൽ അതു കാണാത്ത ഭാവത്തിലും ഹാർമ്മോണിയക്കാരനുമായി പരസ്യ ഉടമ്പടി ചെയ്തും സംഗീതക്കസർത്തുകൾ കാണിക്കുന്നതിനു എടുക്കുന്ന മണിക്കൂർ ഏകദേശം ഒന്നോളമാണു്. അതിനിടയ്ക്കു Once more വിളിക്കു

ടി ഉണ്ടായാൽ രാജകുമാരന്റെ ശവശരീരം പോസ്റ്റ് മാർട്ടത്തിനു പോലും ഉതകാത്തവിധത്തിൽ ഛിന്നഭിന്നമാവുകയേ ഉള്ളു. പിന്നീട്ട് ഒട്ടിച്ചെന്ന് പുത്രന്റെ മൃതശരീരം ശരിയായികണ്ടതായി നടിച്ചു ഓടി ഹർമ്മോണിയക്കാരന്റെ അടുത്തുവന്ന് "അയ്യോ കഷ്ടമെന്തു ചെയ്‌വേൻ" എന്നു നിർദ്ദേശിച്ചിട്ട് 'സാ' എന്നുള്ള ഒരു പാട്ടു തിരഞ്ഞെടുത്തു പാടികൈകൊട്ടുവാനൊരുങ്ങുന്നുണ്ട്.

മണിസ്സൂട്ടും സ്വർണ്ണറിസ്റ്റ്‌വാച്ചും ഇംഗ്ലീഷ് അക്ഷരങ്ങൾ കൊത്തിയിട്ടുള്ള മെഡലുകളുമായിട്ടാണ് സാക്ഷാൽ ശ്രീകൃഷ്ണഭഗവാൻ പ്രത്യക്ഷപ്പെടുന്നതു്. പിന്നെ ഒരു മണിക്കൂർനേരത്തേക്ക് "ജയജയഗോകുലപാലാ!" എന്നപാട്ടാണ്. ഗോകുലപാലനായ കൃഷ്ണൻ ഗോകുലപാലനായ കൃഷ്ണനെത്തന്നെ സ്തുതിക്കുന്നതോ പോകട്ടെ, സന്നിപാതക്കാരെനെപ്പോലെ മുണ്ടുംതലയും കൈകളുംകൊണ്ടുകാണിക്കുന്ന ഗോഷ്ടികൾ കണ്ടിരിക്കുവാൻ ആർക്കും ശക്തിയുണ്ടാകുന്നതല്ല.

ചിലശ്രീകൃഷ്ണന്മാർ ഹിന്ദുസ്ഥാനിക്കാരാണ്.

ഐസക്കുജാനാദുനിയാബുജാനാ
ഫാലബുജാനാ ഹൂ! ഹൂം! ഹൂം!

എന്നാചിററമാണുഭഗവാനുള്ളതു്.

ഭഗവൽഗീതാകർത്താവായി, പാർത്ഥസാരഥിയായി, അഖിലാണ്ഡകോടി ബ്രഹ്മാണ്ഡങ്ങളുടെ നാഥനായി, വർത്തിക്കുന്ന ഭഗവാൻ ഒരു പ്രവേശനപ്പാട്ടിൽ ഇങ്ങനെ പറയുന്നതു ഞാൻകേട്ടു:— മൌലാനാമുഹമ്മദലി

സഹോദരൻഷൌക്കത്തലി
ഇവൻ
ഇന്ത്യാഐക്യമായി
ഇംഗ്ലണ്ടുസഭയിൽപോയതുംമറവുംആണ്.

വേറൊരു കൃഷ്ണൻ ഇങ്ങനെയാണ്

കവികുലമണികുഞ്ചൻനമ്പിയാർ
ആശാനെപ്പോലെ
സകലൽഗുണസാരസമിതിസാർ

പുസ്തകത്തിൽ അച്ചടിച്ചിട്ടില്ലാത്ത വിശേഷാൽ പാട്ടുകൾ പാടുക നടന്റെ ഒരു പ്രത്യേകസാമർത്ഥ്യമാണ്. സദാരത്തിലെ പുഷ്പാംഗദൻ കേസിയുടെ പാട്ടുകൾ പോരാഞ്ഞുപറയുന്നു.

സഖേ! പേശലാനനാ!
നാരിമാക്കൊരുയോഗ്യമാണിവൾ
കാൺകെടോപേശലാനനാ!
കേൾക്കെടോ പേശലാനനാ
ഇവൾ സുന്ദരം കേമമാണെടോ.

കാമപാലന്റെ ഒരു വിശേഷാൽപാട്ട്:—

കരിമത്സ്യനേത്രേ വന്നിരി മത്സമീപേ നീ
ഉരുമത്സരംതള്ളി പരമസ്സുലാം പീഠേ
ആഖമലജാലങ്ങ
ളലമുറങ്ങുനാൾമി
ക്കാലേ മാലേ കീലേ വോലേ
ഫാമിനി യാമിനി നാമിനി വേർപിരിയാറായ്
മണിയാറായ്, മയിക്കുറായതുനേരായ്.

കഥയാണെങ്കിൽ അതു പരമവിചിത്രമാണ്. കാശിരാജാവു് എരപ്പാളിയായി. രാജ്ഞിയായ നല്ലതങ്കാൾ ഏഴു കൊച്ചുങ്ങളോടുകൂടി വീടുവിട്ടിറങ്ങി. സഹോദരനായ നല്ലണ്ണൻ രാജാവിൻെറ വീട്ടിൽ പോകുന്നതിനാണു് ഇറങ്ങിയതു്. നല്ലണ്ണൻ കാട്ടിൽ എന്തോ കാര്യത്തിനു പോയിരിക്കുകയായിരുന്നു. തള്ളയും കൊച്ചുങ്ങളുംകൂടി ചെല്ലുന്ന എന്നു നല്ലണ്ണൻെറ രാജ്ഞിയായ മൂളിയലങ്കാരി അറിഞ്ഞു പടിപ്പുരക്കതകടച്ചു. നല്ലതങ്കാളും കൊച്ചുങ്ങളുംകൂടെ പടിക്കൽ ചെന്നുവിളിച്ചു. ഒടുവിൽ കതകു തുറന്നു് മൂളിയലങ്കാരി ഇടങ്ങഴി അരിയും കുറെ കൂട്ടാൻവയ്ക്കാനും കൊടുത്തു. തീ എരിക്കാൻപച്ചവിറകും അരിവയ്ക്കുന്നതിനു ഓട്ടുകലവും ആണു് കൊടുത്തതു്. നല്ലതങ്കാൾ അരിവച്ചുതാനുണ്ടു; കൊച്ചുങ്ങൾക്കു വാരികൊടുക്കുകയും ചെയ്തു. സഹോദരൻെറ ഗൃഹത്തിൽ അനുഭവപ്പെട്ട ക്ലേശത്തോടെ അവൾ വെളിയിൽ ഇറങ്ങുമ്പോൾ അവളെപ്പററിയുള്ള

പാട്ടു്:—കിംകിംപരിരുചികരമിവളുടെ
നാഗരികസ്ഥിതിഭേഷ്, ഭേഷ്! ഭേഷ്!

പുരയിടങ്ങളിലെ തുറന്ന നാടകക്കൊട്ടകകളും, മദ്യഗന്ധവും, ബീഡിവലിയും ആഭാസശകാരങ്ങളും, അടിപിടിയും, ഹാർമ്മോണിയഭാഗവതരുടെ കാമപരവശവീക്ഷണങ്ങളും, വിദൂഷകൻെറ പ്രഹരയോഗ്യഫലിതങ്ങളും, അസ്ഥാനപ്രവേശനങ്ങളും നടന്മാരുടെ വൈചിത്ര്യസാഹിത്യവും, അനൗചിത്യവും, പാട്ടുകളുടെ ബീഭത്സപ്രചുരിമയും, കഥയുടെ വൈലക്ഷണ്യവും എല്ലാംകൂടിച്ചേർന്നു് നമ്മുടെ സംഗീതനാടകവേദി പരിഷ്ക്കാരപ്രഭ കണ്ടിട്ടില്ലാത്ത അന്ധകാരഗഹനതയിലെ ഭൂതപ്രേതപിശാചുക്കളുടെ ഉന്മത്തപ്രലപനങ്ങളാൽ മുഖരിതമായിത്തീർന്നെന്നുപറഞ്ഞാൽ കഴിഞ്ഞല്ലോ. നടന്മാർ ഒരുവിധം പെണ്ണാണന്മാരും കുത്സിതചരിതരും ആയതുകൊണ്ടു് അവർക്കു സമുദായത്തിൽ വലിയ പതിത്വവും സംഭവിച്ചു. മാനമുള്ളവർ ആരും നാടകങ്ങൾ കാണുവാൻ പോകുകയില്ലെന്നാ മട്ടുവന്നു. ഇതിൽക്കൂടുതൽ എന്തുവേണം ഒരു കലാശാഖ ദുഷിക്കുന്നതിനു്!

ഇതിനു് ഏതാണ്ടൊരു പരിഹാരം നൽകിയതു രാജശ്രീ സെബാസ്ററ്യൻഭാഗവതരാണു്. ഇംഗ്ലീഷ്‌വിദ്യാഭ്യാസം ലഭിച്ചതിനാലും മാന്യജീവിതരീതിയിൽ ആസക്തനായതിനാലും ആ യുവാവു് മററുനടന്മാരിൽനിന്നു ഭിന്നമായി ഗണിക്കപ്പെട്ടു. അതോടുകൂടി ആശാൻെറ കരുണയെന്നകാവ്യം അഭിനയയോഗ്യമായിവരുകയും വേലുക്കുട്ടിയുടെ അഭിനയസാമർത്ഥ്യം കാണികളെ ആകർഷിക്കുകയുംചെയ്തു. വേലുക്കുട്ടിയും ഞാനുമായുള്ള ഹൃദയബന്ധംമൂലം ഞാനും ഈവർഷത്തിൽ ഒരു സംഗീതനാടകക്കാരനായി വേഷംകെട്ടുന്നുണ്ടു്. ശ്രീമാന്മാർ സെബാസ്ററ്യൻ, വേലുക്കുട്ടി ഇവരുടെ ഉടമസ്ഥതയിൽ പുനസ്ഥാപനംചെയ്തിരിക്കുന്ന ഓച്ചിറ നാടകസംഘം മററന്നാൾ കാഞ്ഞിരപ്പള്ളിയിൽവച്ചു് അരങ്ങേറുവാൻ നിശ്ചയിച്ചിരിക്കുന്നതു് മേരീകാർളിയുടെ പെൻസകാ എന്ന സുപ്രസിദ്ധകഥ ആധാരമാക്കി ഞാൻ എഴുതിയിട്ടുള്ള തിലോത്തമ എന്ന നാടകമാണു്. ഇന്നുവരെ മലനാളത്തിൽ പ്രത്യക്ഷതമിഴ്‌നാടകത്തിൽനിന്നു സംഗീതനാടകം ഉണ്ടായതുപോലെ ഇംഗ്ലീഷ്‌വിദ്യാഭ്യാസത്തിൻെറ പ്രചരണം ഗദ്യനാടകങ്ങളെ സൃഷ്ടിച്ചു.

ഇന്ദുലേഖ, മാർത്താണ്ഡവർമ്മ മുതലായ ആഖ്യായികകൾതന്നെയാണു് ആദ്യഗദ്യനാടകങ്ങളായിത്തീർന്നതു്. ഇവയ്ക്കുമുമ്പു് ഷേക്സ്പീയർപരിഭാഷകളുംമററും നാടകവേദികളിൽ സ്ഥലംപിടിച്ചിട്ടുണ്ടായിരുന്നെങ്കിലും സാമാന്യജനങ്ങളുടെശ്രദ്ധയെ ആ

കർഷിക്കത്തക്കവിധത്തിൽ പ്രകടിപ്പിക്കപ്പെട്ട ഏതാദൃശനാടകങ്ങൾ മുൻപുപറഞ്ഞ രീതിയിൽത്തന്നെയുള്ളതാണു്. ഇതോടുകൂടി പ്രഹസനങ്ങൾ എന്ന ഫലിതകാവ്യശകലങ്ങളും ധാരാളമായി വന്നുതുടങ്ങി. ഇവരണ്ടും വിദ്യാഭ്യാസസമ്പന്നരായ നടന്മാരാൽതന്നെയാണു് അഭിനയിക്കപ്പെട്ടതു്. മാർത്താണ്ഡവർമ്മയിൽക്കണ്ട പൂർവ്വചരിത്രമാഹാത്മ്യവും രാമരാജാബഹദൂർതുടങ്ങിയ ചരിത്രാഖ്യായികകളുടെ നാടകവേദിയിലേക്കുള്ള പ്രവേശനവും ചരിത്രനാടകങ്ങളെ ഉത്ഭവിപ്പിച്ചു. ഇവ വിദ്വത്സമിതികളെക്കടന്നു് നാട്ടിടകളിലും പ്രചരിച്ചുതുടങ്ങി.

അങ്ങനെയിരുന്നാലും സാമാന്യജനങ്ങൾ ഇന്നും സംഗീതനാടകപക്ഷപാതികളായിക്കഴിയുകയാണു്. പഠിത്തമുള്ളവരുടെ ഒരുവക നേരമ്പോക്കെന്നരീതിയിൽമാത്രമേ അവർ മുൻപറഞ്ഞ ഗദ്യനാടകങ്ങളെ കണക്കാക്കിയിട്ടുള്ളു. പ്രഹസനങ്ങൾകാണുന്നതിൽ അവൎക്കു യാതൊരു രസവുമില്ലതാനും! ഇതിൽ അവരെക്കുററപ്പെടുത്തേണ്ടതായ ആവശ്യം ഇല്ല. സംഗീതം തീർച്ചയായും ആസ്വാദ്യമായ ഒരു കലാസമ്പത്തുതന്നെ. അതിന്റെ അഭാവം കലാപ്രദർശനങ്ങളെ സാരമായി ബാധിക്കുകതന്നെ ചെയ്യും. അതുപോലെതന്നെ ഗദ്യനാടകങ്ങൾ അഭിനയിക്കുന്നതു് തൽക്കാലം രണ്ടുദിവസത്തേക്കുമാത്രം അവയിലെ ചില ഭാഗങ്ങൾ കാണാതെപഠിച്ചു് അഭിനയാനന്തരം വീണ്ടും ഇതരജീവിതവൃത്തികളിൽ ഇടപെടുന്ന ആളുകളാണു്. അവരുടെ അഭിനയപാടവത്തിൽതന്നെ സാമാന്യജനങ്ങൾക്കു വിശ്വാസം ഇല്ല. "എന്തുപറഞ്ഞാലും കൈനിക്കര പത്മനാഭപിള്ളസാർ ആണല്ലോ പ്രധാനവേഷം" എന്നാണു് അവർ കണക്കാക്കുന്നതു്. ആയുസ്സിൽ ഒരിക്കൽ ഒരു അവസരത്തിലേക്കുമാത്രം നടന്മാരായിത്തീരുന്ന പത്മനാഭപിള്ളയോ ഈ. വി. കൃഷ്ണപിള്ളയോ അവൎക്കു് എന്തു രസം നൽകുന്നതിനു ശക്തരാകുവാൻ പോകുന്നെന്നാണു് അവരുടെ മനോഭാവം.

പിന്നീടുള്ള വലിയഒരുകുററു് ഈ ഗദ്യനാടകക്കാർ തുടർച്ചയായി അഭിനയവിദ്യ പ്രകടിപ്പിക്കുന്നതിനോ അതതു ദിക്കുകളിൽ സഞ്ചരിക്കുന്നതിനോ ഒരുമ്പെടുന്നില്ലെന്നുള്ളതാണു്. ഒരു രാത്രിയിൽ ഏതാനുംമണിക്കൂർ വല്ലതുമൊന്നു കാട്ടിക്കൂട്ടണമെന്നേ അവൎക്കു ഉദ്ദേശമുള്ളു. പ്രതിഫലം കൂടാതെയുള്ളജോലിയിൽ ഇതിനേക്കാൾ തീക്ഷ്ണതരമായ ഉത്സാഹംകാണിക്കുവാൻ സാധിക്കുന്നതുമല്ലല്ലോ. ഇതുകൊണ്ടൊക്കെ, ഉൽകൃഷ്ടപാഠങ്ങൾ അടങ്ങിയ ഗദ്യനാടകങ്ങളും പ്രഹസനങ്ങളും വിദ്വത്സമിതികൾക്കുള്ളിൽ ജീവിച്ചുവരുമ്പോൾ അത്യന്തവിലക്ഷണങ്ങളായ സംഗീതനാടകങ്ങൾ മഹാജനങ്ങളെ ആകർഷിച്ചുകൊണ്ടു വളരുന്നു.

ഈ നില പോകേണ്ടതാണു്. അതിനായി കലാകുശലന്മാരും ദേശാഭിമാനികളും ശ്രമിക്കേണ്ടതാണു്. അതാണു് എനിക്കു സമൎപ്പിക്കുവാനുള്ള അപേക്ഷ.

ഒരു പത്തു വർഷങ്ങൾകൊണ്ടു് ഗദ്യനാടകാഭിനയത്തിൽ അത്യധികമായ ഉത്സാഹം ദിനംപ്രതി വർദ്ധിച്ചുകൊണ്ടുവരുന്ന ഒരു നഗരത്തിനോടു ബന്ധമുള്ള ആളാണു് ഞാൻ. പരമാൎത്ഥം പറയണമെന്നു നിങ്ങൾ നിർബന്ധിക്കുകയാണെങ്കിൽ ഈ പത്തുവർഷങ്ങളായി ഗദ്യനാടകാഭിനയത്തിൽ പ്രധാന ചുമതല ഞാൻതന്നെയാണു വഹിക്കുന്നതു്. അതുകൊണ്ടു് ഇതിന്റെ സകല ഉള്ളുകള്ളികളും എനിക്കു വളരെ വിശദമായറിയാം. തിരുവനന്തപുരത്തു നാഷണൽക്ലബ്ബു് തുടങ്ങിയ ചില സ്ഥാപനങ്ങളും കാളേജുകളും ആണ്ടിലൊരിക്കൽ പ്രഹസനങ്ങൾ അഭിനയിക്കുക എന്നൊരു പതിവുണ്ടായിരുന്നു. എന്നാൽ 1100–ാമാണ്ടോടുകൂടി പ്രഹസന

ങ്ങളിൽ ഉള്ള കമ്പം നഗരവാസികൾക്കു കുറഞ്ഞുതുടങ്ങി. മനുഷ്യമഹാരഹസ്യത്തെ പ്രകടിപ്പിക്കുന്ന സാരതരമായ ഒരു അഭിനയവിദ്യ ഉണ്ടാകണമെന്നുള്ള അഭിപ്രായം അവക്കുണ്ടായി. അതിനുവേണ്ടിയാണ് ആഖ്യായികകളിലേക്കു കടന്നതു് അവ ടെനിന്നു ഗദ്യനാടകങ്ങളിലേയ്ക്കു പ്രവേശിക്കുവാൻ യഥാൎത്ഥകാരണക്കാരൻ നിങ്ങളു ടെ മുമ്പിൽ നില്ക്കുന്ന ആൾതന്നെയാണ്.

എന്നാൽ പ്രഹസനരീതി കൈവിടുന്നതിനു സാധിച്ചില്ല. ഫലിതം അത്യന്താ പേക്ഷിതമായിത്തന്നെ ശേഷിച്ചതായിരുന്നു അതിനു കാരണം, "ഞങ്ങൾ കരഞ്ഞു കൊള്ളാം, ദേശാഭിമാനം പൂണ്ടുകൊള്ളാം. പക്ഷെ ഞങ്ങൾക്കു ചിരിക്കുവാനുള്ള വക തരണം" എന്നായിരുന്നു സദസ്യരുടെ നിർബന്ധം. അതുകൊണ്ടാണ് പ്രഹസനരീതി തീരെ കൈവിടുന്നതിനു നിവൃത്തിയില്ലാതായതു്.

ഏററവും പ്രോത്സാഹനജനകമായിക്കാണുന്നതു് അഭിനയകാൎയ്യത്തിൽ യുവസ്നേ ഹിതന്മാർ പ്രത്യക്ഷപ്പെടുത്തുന്ന നിർഭരോത്സാഹമാണ്. അഭിനയ വൈദഗ്ദ്ധ്യം പ്രകടിപ്പിക്കുന്നതിനു സഹായിക്കുന്ന ഭാഗങ്ങൾ അവരവൎക്കു് എഴുതിക്കിട്ടണമെന്നു ഗ്ര ന്ഥകാരനോടു നേരത്തെതന്നെ ശുപാർചെയ്യുന്നു. നാടകം മുഴുവൻതീൎന്ന് അവര വൎക്കുള്ള പാർട്ടുകൾ എഴുതിക്കിട്ടിയതിനു ശേഷമാണ് അവർ ഗ്രന്ഥകാരനെ കൂടു തൽ ഉപദ്രവിക്കുന്നതു്. "ഇന്നഭാഗം ഒത്തില്ല, ഇന്നസ്ഥലത്തു് കുറെ വാചകങ്ങൾ കൂടിചേൎക്കണം" എന്നബഹുവിധ നിർദ്ദേശങ്ങളോടെ അവർ അടുക്കുന്നു. ഇതു് ഗ്രന്ഥ കാരനെ തൻെറ കൃതി നന്നാക്കുന്നതിൽ വളരെ സഹായിക്കുന്നതാണ്. എന്നാൽ വേറൊരുതരം കൂട്ടരുണ്ടു്. ആരോടും ഒന്നുംപറയാതെ, റിവേഴ്സൽസമയങ്ങ ളിൽ വെളിയിൽ വിടാതെ, അഭിനയത്തിനു കേറുമ്പോൾ നേരത്തെ കരുതിവച്ചിരുന്ന അസംബന്ധങ്ങൾ തട്ടിവിടുകയാണ് ഇവരുടെ വിദ്യ. ഇതു് നാടകത്തിൻെറ രൂപ സൌഷ്ഠവത്തെത്തന്നെ ചിലപ്പോൾ ബാധിക്കുന്നതായിക്കാണാം. ഇതുപോലെതന്നെ വേഷംകെട്ടലിലും ചില ഉപദ്രവങ്ങൾഉണ്ടു്. നായകൻെറ വിശിഷ്ടവസ്ത്രങ്ങൾ വാല്യ ക്കാരനു് അനുവദിക്കപ്പെടുകയില്ലല്ലൊ. അഭിനയദിവസം കാണാം വാല്യക്കാരവേഷക്കാ രൻ ഒന്നാംതരം കസവുനേൎയ്യതും സിൽക്കുഷർട്ടുമായി സ്റ്റേജിലേക്കു കയറുന്നതു്. അല്പം ചിലക്കൊഴിച്ചു് ആക്കുംവികൃതമുഖത്തോടെ സ്റ്റേജിലേക്കു പോകുവാൻ സമ്മതമില്ല. സ ദസ്സിൽ ഹാജരായിരിക്കുന്ന തരുണീജനങ്ങളെപ്പററിയുള്ള ഓൎമ്മയാണ് ഈ അനൌചി ത്യത്തിലേക്കു അക്കൂട്ടരെ പ്രേരിപ്പിക്കുന്നതു്. സ്ത്രീവേഷക്കാൎക്കു് എത്ര ഭംഗിയായി പൌ ഡർ ഇട്ടാലും തൃപ്തിവരാത്തതിൽ അത്രയേറെ അത്ഭുതപ്പെട്ടിട്ടാവശ്യമില്ല. എന്നാൽ വെറുംമുഖത്തോടെ കേറിച്ചെന്നു രണ്ടുവാക്കു പറയേണ്ടവർ നേരത്തെ അണിയറയിൽ എത്തി പൌഡറുകാരൻെറ സമയം മെനക്കെടുത്തുന്നതാണ് മഹാകഷ്ടം.

പിന്നീടു് ഗ്രന്ഥകാരനുണ്ടാകുന്ന വിപത്തു് അഭിനയം നടക്കുമ്പോഴും അതി ൻെറ അവസാനത്തിലുമാണ്. സദസ്സിൽ പോയിട്ടു അണിയറയിലേക്കു് മടങ്ങിവരു ന്ന ഓരോ നടനും ഗ്രന്ഥകാരനോടു സമീപിച്ചു "എൻെറ അഭിനയം എങ്ങനെയി രുന്നു? കുറെക്കൂടെ നന്നാക്കാമായിരുന്നു, ഇല്ലേ?" എന്നു ചോദിക്കുന്നു. ഓരോരുത്തരു രഹ സ്യമായി ചോദിച്ചാൽ എല്ലാവരെയും തൃപ്തിപ്പെടുത്തുന്നതിനുള്ള മറുപടി നൽകുന്നതി നു വിഷമം ഇല്ലായിരുന്നു. എല്ലാവരുംകൂടെ വട്ടമിട്ടു ചോദിക്കുമ്പോൾ ഗ്രന്ഥകാര ൻ കുഴങ്ങുകയേ ഉള്ളൂ.

ഇങ്ങനെ ചില നേരമ്പോക്കുകാർ വിദ്യാസമ്പന്നരായ നടന്മാരെപ്പററി പറയാമെന്നിരുന്നാലും ഇവരുടെ ഉത്സാഹം ഏററവും പ്രശംസനീയമാണെന്നു സമ്മതിക്കാതെ തരമില്ല. സക്കാർ ഉദ്യോഗങ്ങളിലും വക്കീലന്മാരായും മററും ഇരിക്കുന്ന ചില ഒന്നാംതരം നടന്മാരെ എനിക്കറിയാം. ഇവർ ഈ അപൂവ്വസമ്പത്തു നശിപ്പിച്ചുകളയുന്നതിൽ ആരും ഖേദിക്കുന്നതാണ്. ഈ വിധം നമ്മുടെ ഈ കലാസമ്പോഷണത്തിനു വരുന്ന മഹാവിപത്തിനെ പരിഹരിക്കുന്നതിനു ചില നിർദ്ദേശങ്ങൾ ചെയ്യണമെന്നാണ് ഞാൻ വിചാരിക്കുന്നത്.

ജീവിതക്ലേശങ്ങളിൽ അനുനിമിഷം വലയുന്നവക്ക് സാന്ദ്രമധുരമായ ഒരു സ്വഗ്ഗത്തേയും, ദിവാസ്വപ്നങ്ങളുടെ അയഥാത്ഥ്യത്തിൽ ക്ഷീണചിത്തരായിത്തീരുന്നവക്ക് ഭാവനയുടെ സാഫല്യത്തേയും, വിരസജീവിതരീതികളിൽ ഏപ്പെട്ട് കായികവും മാനസികവും ആയ സങ്കടം അനുഭവിക്കുന്നവക്ക് രസസമ്പൂണ്ണമായ ഒരു വിഹാരരംഗത്തേയും സാഹിത്യാഭിമാനികൾക്ക് പരിശുദ്ധവും വികാരഗർഭവുമായ ഭാഷാരീതിയേയും, സൌന്ദര്യാരാധകന്മാക്ക് അവികലമായ മോഹനപൂണ്ണിമയേയും, സംഗീതരസികന്മാക്ക് സംഗീതത്തേയും മനുഷ്യജീവിതംഎന്ന അപ്രമേയരഹസ്യത്തിൻെറ അഗാധതയെപ്പററി ചിന്തിച്ച് പരിഭ്രമിക്കുന്നവക്ക് വിശദപന്ഥാക്കളേയുംആണ് നാടകവേദി പ്രദാനം ചെയ്യുന്നത്. ഇതിനുള്ള ശക്തിഎന്തെന്ന് നാം ഇതുവരെ അറിഞ്ഞിട്ടില്ല. ഒരു പക്ഷേ ചാക്യാർകൂത്ത്, ഓട്ടൻതുള്ളൽ മുതലായവ ഈ ശക്തിയുടെ മങ്ങിയ ഒരു രൂപം നമ്മെക്കാണിച്ചുതരുന്നു. രാഷ്ട്രീയമായി ഇതിനുള്ള അവാച്യശക്തി റഷ്യയിലെ ഇപ്പോഴത്തെ ഗവർമ്മെൻറ് നല്ലതുപോലെ മനസ്സിലാക്കിയിട്ടുണ്ട്. പരമാത്ഥത്തിൽ കഥകളി ഇല്ലാതിരുന്നെങ്കിൽ കൃഷ്ണൻ ഇത്ര അടുത്ത നമ്മ സഖാവും ഇത്ര ഉയന്ന ആചാര്യനും രക്ഷകനും ആയി നമ്മിൽ പലരുടെയും ഹൃദയങ്ങളിൽ പതിയുമായിരുന്നുവോ എന്നെനിക്കു സംശയമാണ്. ഇതിൻെറ അസാധാരണശക്തി നല്ലതുപോലെ മനസിലാക്കിയ ബോൾഷെവിക്കുഗവർമ്മെൻറ് ഒരു മഹാസാമ്രാജ്യം മുഴുവൻ അതുവരെ ലോകത്തിൽ ആരും കണ്ടിട്ടില്ലാത്തതായ ഒരു പരിവത്തനത്തിലേക്കു തിരിയുന്നതിനു ആദ്യമായി ചെയ്തപ്രവൃത്തി നാടകവേദിയുടെ രൂപാന്തരീകരണം ആയിരുന്നു. നാടകവേദിയെ വിദ്യാഭ്യാസത്തുറയുടെ ഒരു പ്രധാന ശാഖയാക്കി നടന്മാക്കു ഗവർമ്മെൻറിൽനിന്നു ശമ്പളങ്ങൾ കൊടുത്തു നാടകസാമാനങ്ങൾ ഗവമ്മെൻറിൽനിന്നുതന്നെ ഉണ്ടാക്കി; ഗവമ്മെൻറിനല്ലാതെ മററാക്കും നാടകശാലകൾ കൈവശം വച്ചുകൊണ്ടിരുന്നുകൂടെന്നു വ്യവസ്ഥചെയ്തു; നടന്മാരെത്തന്നെ ഗവമ്മെൻറിൻെറ അംഗങ്ങളാക്കി അവരെക്കൊണ്ട് നാടകശാലകൾക്കു വെളിയിൽ രാഷ്ട്രീയപ്രസംഗങ്ങൾ ചെയ്യിച്ചു. റഷ്യമുഴുവൻ ആകാംക്ഷിച്ച സ്വാതന്ത്ര്യത്തെ ആസ്പദമാക്കിയുള്ള നൂതനകഥകൾ എഴുതിച്ചും മുറപ്രകാരം പഴയ കഥകൾ പുതുക്കിയും അഭിനയങ്ങൾ നടത്തി, ഇങ്ങനെയാണ് ഈ അത്യത്ഭുതകരമായ പരിവത്തനം അവിടെ സാധിച്ചത്.

അതുകൊണ്ട് പുതിയ ആശയങ്ങളുടെ പ്രചരണത്തിന് നാടകവേദി എത്രമാത്രം പയ്യാപ്തമാണെന്നു നാം ഇതാ കണ്ടുകൊണ്ടിരിക്കുന്നു. പക്ഷെ, നമുക്കു സ്വാതന്ത്ര്യമില്ല. നമുക്കു നല്ലതെന്നുതോന്നുന്നത് അനുവത്തിക്കുവാൻ കരുത്തില്ല. അതുകൊണ്ട് അത്ര കർശനമായ പരിഷ്കാരം നടപ്പിൽ വരുത്തുന്നതിനു നമുക്കു നിവൃത്തിയില്ല. എ

ന്നാൽ നിയമസീമയ്ക്കുള്ളിൽ നിന്നുകൊണ്ടു് നമുക്കു പൊതുവിൽ ക്ഷേമകരങ്ങളായ പലസംഗതികളും സാധിക്കാവുന്നതാണു്. ഒരു ഒററ ഉദാഹരണം മാത്രം പറയാം.

തിരുവിതാംകൂർ കൊച്ചി എന്നീ രണ്ടു സംസ്ഥാനങ്ങൾക്കു് ഇപ്പോൾ നേരിട്ടിട്ടുള്ള മഹാവിപത്തു് സമുദായങ്ങൾ തമ്മിൽ ഉള്ള മത്സരമാണു്. ഇതു് നമ്മുടെ ഏതുവിധത്തിലുള്ള പ്രവൎത്തനത്തേയും ഘോരമായി ബാധിക്കുന്നുണ്ടു്. ഈ ബാധയെ ഉന്മൂലനം ചെയ്യുന്നതിനു നാം വളരെ ഉത്സാഹത്തോടുകൂടി ശ്രമിക്കുന്നില്ലെങ്കിൽ അചിരേണ നമ്മുടെ സ്ഥിതി അപകടത്തിൽ ആവുക തന്നെ ചെയ്യുന്നതാണു്. ഇതു് നാടകവേദി കൊണ്ടു സാധിക്കാവുന്ന ഒരു കാൎയ്യമല്ലെ എന്നാണു് എനിക്കു ചോദിക്കുവാനുള്ളതു്.

* * * * *

പിന്നീടുള്ള മറെറാരു മഹാദൂഷ്യം ജാതിയാണു്. ജാതിവ്യത്യാസം ഒരു തീരാത്ത വിപത്താണെന്നു വിശ്വാസമുള്ളവൎക്കു് അവരുടെ അഭിപ്രായം ജനതാമദ്ധ്യത്തിൽ പ്രചരിപ്പിക്കണമെന്നിരിക്കട്ടെ. ജാതിക്കും ആചാരത്തിനും സമുദായത്തിനും രാജ്യത്തിനും മീതെയായി മനുഷ്യപ്രവൃത്തികളെ അനുനിമിഷം ഭരിക്കുന്നതായ ഹൃദയവികാരങ്ങളും ജാതിഭിന്നതയും തമ്മിൽ ഉള്ള കൊട്ടംസമരത്തെ ചിത്രീകരിക്കുന്ന നാടകങ്ങൾ നിൎമ്മിക്കരുതേ? കുമാരനാശാൻ ദുരവസ്ഥയിൽ അംഗീകരിച്ച രീതിയുടെ തെററുകൊണ്ടുമാത്രമാണു് ആ കാവ്യം അതു ലക്ഷ്യമാക്കുന്ന ഫലത്തിൽ എത്താതെപോയതെന്നാണു് എന്റെ അഭിപ്രായം. *

പിന്നീടു ആചാരം — എന്നു പല നമ്പൂതിരി യുവാക്കന്മാരും അരയും തലയും മുറുക്കി യുദ്ധോദ്യുക്തരായി കാണപ്പെടുന്ന ആ രംഗം, അതിന്റെ കാലാനുകൂലമായ പരിഷ്കരണത്തിനു നാടകം ഒന്നാന്തരം ഒരുസാമഗ്രിയാണെന്നു ആ സമുദായാംഗങ്ങൾ പ്രത്യക്ഷപ്പെടുത്തിക്കഴിഞ്ഞിരിക്കുന്നു. ഒരു കാലത്തു് ആരോ ചിലരുടെ സൌകൎയ്യത്തിനുവേണ്ടി ഉണ്ടാക്കപ്പെട്ടവയും അവരുടെ സ്വാധീനശക്തികൊണ്ടും മററുള്ളവരുടെ ചിന്താശക്തിക്കുറവിനാലും ശക്തിയിലെത്തിയവയും ആയ ഈ അൎത്ഥമില്ലാത്ത അനീതികളെ അതേ കാരണംപ്രമാണിച്ചും അതുപോലെയുള്ള സ്ഥിതിവിശേഷങ്ങൾകൊണ്ടും നശിപ്പിക്കുന്നതിനു തുനിയേണ്ടതു അത്യന്താവശ്യമാകുന്നു. അതിനു നാടകം ഒന്നാംതരം ഒരു ഉപായമാണു്. ഈ അവസരത്തിൽ ഇക്കഴിഞ്ഞ തുലാമാസത്തിൽ തിരുവനന്തപുരത്തു നടന്നഒരു സംഭവം പറഞ്ഞുകൊള്ളട്ടെ. എവിടെയായാലും നാടകത്തിനും കഥയ്ക്കും രീതി ഒന്നെന്നാണല്ലൊ മലയാളികൾക്കു അനുഭവപ്പെട്ടിട്ടുള്ളതു്. സമുദായം ആചരിച്ചും ആരാധിച്ചും വരുന്നമാമൂലുകൾക്കു കോട്ടംതട്ടിക്കാതെ അതിനകത്തുനിന്നുകൊണ്ടു വികാരവിനിമയങ്ങൾ അനുവൎത്തിച്ചുകൊള്ളുകയാണു് നാടകകൎത്താക്കളും കഥികന്മാരും ഏറക്കുറെ ചെയ്തുവന്നിരുന്നതു്. കഥകളിൽ മറിച്ചുള്ള സ്വതന്ത്രരീതി അംഗീകരിക്കപ്പെടുന്നതായി കാണാമെന്നിരുന്നാലും നാടകങ്ങളിൽ അതു കണ്ടിട്ടില്ല. അതിനൊരു കാരണം ഉണ്ടു്. മാമൂൽമനസ്ഥിതിയെ വ്രണപ്പെടുത്തുന്ന കാൎയ്യങ്ങൾ വായിക്കാം; കാഴ്ചകൾ കാണുവാൻ ക്ഷമയുണ്ടാകുന്നതല്ല. കഥകളിൽ വായനയും നാടകങ്ങളിൽ കാഴ്ചയുമാണു്.

അങ്ങനെയിരിക്കേ ഞാൻ ഒരു പുതിയരീതി എന്റെ ഈയിടെയുള്ള ഒരു നാടകത്തിൽ അവലംബിച്ചു കൎത്തവ്യഭാരത്തിൽഉൾപ്പെട്ടു് ഒരാളിനെ വിവാഹം ചെയ്യേണ്ടിവന്ന ഒരു പരിപാവനമതിയായ യുവതി വിവാഹത്തിനുമുമ്പുതന്നെ ഹൃദയാൎപ്പണം ചെയ്തിട്ടുള്ള വേറൊരു യുവാവുമായി ആ ബന്ധം തുടരുന്നതും ശാരീരികമായിത്തന്നെ

അവർ ഐക്യത്തിൽ കഴിയുന്നതും ഒടുവിൽ ദേശാന്തരം പ്രാപിക്കുന്നതുമാണ് കഥ. ഇതു് തിരുവനന്തപുരം സദസ്സിനു് അഭിനവമായുണ്ടാകുന്ന ഒരു കാഴ്ചയാണ്. ശാശ്വതത്രികോണങ്ങൾ (Eternal triangles) എന്നൊരു സങ്കേതം ഉള്ളതു നിങ്ങൾക്കറിയാമല്ലൊ. ഒരു യുവതിക്കു ഒരു യുവാവിനോടു്, ആ യുവാവിനു വേറൊരു യുവതിയോടു്, ആദ്യയുവതിയിൽ വേറൊരു യുവാവിനു്— ഇങ്ങനെവരുന്ന ഹൃദയവേഴ്ചയെയാണു ത്രികോണങ്ങൾ എന്നു പറയുന്നതു്. ഇതു പലരുടേയും ദൈനംദിന ജീവിതത്തിൽ അനുഭവപ്പെടുന്ന അസഹ്യതയാണെന്നിരുന്നാലും മലയാളത്തിൽ ആരും അത്ര ധൈര്യമായി നാടകവേദിയിൽ ഈ അവസ്ഥാവിശേഷം പ്രകടിപ്പിച്ചിട്ടില്ല. രാമന്റെ ഭാര്യ കൃഷ്ണന്റെ ആലിംഗനത്തിൽ ബദ്ധയാകുന്നതും അതേസമയംതന്നെ ആയുവതിയും കൃഷ്ണനും സദസ്യരുടെ അനുഭവാദരങ്ങൾ അവകാശപ്പെടുന്നതും അത്ര സുസമ്മതമായ ഒരവസ്ഥയല്ല. സദാചാരമഹാത്മജികൾ ഇതുകണ്ടാൽ കണ്ണുപൊത്തിക്കളഞ്ഞേക്കും.

അങ്ങനെയുള്ള ഒരു കഥയായിരുന്നു വിവാഹക്കമ്മട്ടം എന്ന പേരിൽ ഞാൻ നാടകമാക്കിയതു്. നാടകാഭിനയം മുഴുവൻകണ്ടതായ ഒരു ശുഷ്കസദാചാരക്കാരനോടു ഞാൻ പിറേറദിവസം ചോദിച്ചു:—

"ഇന്നലത്തെ കഥാപാത്രങ്ങളിൽ ആരോടാണു നിങ്ങൾക്കു വെറുപ്പുതോന്നിയതു് !"

ഉത്തരം:– "ആരോടും തോന്നിയില്ല."

ഞാൻ:– "ആ രാഘവൻപിള്ളയും ഗൌരിക്കുട്ടിയുമായുണ്ടായ രംഗങ്ങൾ അസാന്മാർഗ്ഗികമായിരുന്നില്ലെ?

അയാൾ:– അങ്ങനെ തീർത്തുപറയുവാൻ പാടില്ല. വിധിമൂലം വന്നുചേന്ന ആ ബന്ധത്തിൽ നിന്നു രക്ഷപെടാൻ അവർ രണ്ടുപേരും വളരെ ശ്രമിച്ചില്ലെ? അതു മനുഷ്യസാദ്ധ്യമല്ലാത്തതുകൊണ്ടു ഫലിച്ചില്ല."

എനിക്കാശ്വാസമായി. ഈ മാതിരിയുള്ള ഹൃദയബന്ധങ്ങളും നമുക്കു നവ്യരീതിയിൽ നാടകവേദിയിൽ കാണിക്കാവുന്നതാണു്. അങ്ങനെകണ്ടു കണ്ണുപഴകുമ്പോൾ ജനസമുദായം നാം ഏതു ആദർശത്തെയാണു് ലക്ഷ്യമാക്കിയിരിക്കുന്നതു്, അതിനെ ഹാർദ്ദവമായി സ്വാഗതം ചെയ്യുകതന്നെ ചെയ്യും.

മുതലാളി, തൊഴിലാളി, യജമാനൻ ഭൃത്യൻ, ജന്മി–കുടിയാൻ എന്നിങ്ങനെയുള്ള സാമ്പത്തികബന്ധങ്ങൾക്കുമാത്രമല്ല മാററം വരുത്തുവാൻ ഉള്ളതു്. നാം ഇന്നു് അഭേദ്യം അചഞ്ചലം എന്നു വിചാരിച്ചിരിക്കുന്ന പലതിനും മാററങ്ങൾ വരുത്തുവാനുണ്ടു്. അതിനു നാടകവേദിതന്നെയാണു് ഏററവും ശക്തികൂടിയ ആയുധം.

എന്നാൽ നടന്മാരും വിദ്യാസമ്പന്നരായിരിക്കണം. ഗ്രന്ഥകാരൻ ഉദ്ദേശിക്കുന്ന ഭാവഭേദങ്ങൾ അഭിനയിക്കുന്നതിനു് അവർക്കു കരുത്തുണ്ടായിരിക്കണം. അതു മനസ്സിലാക്കുവാനുള്ള പാണ്ഡിത്യവും ഹൃദയവിശാലതയും ബുദ്ധിശക്തിയും ഉള്ളവരും ആയിരിക്കണം. അതുകൊണ്ടു് സർവ്വകലാശാലാവിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളവർതന്നെയാണു് അഭിനയവിദ്യ ജീവിതവൃത്തിയായി അംഗീകരിക്കേണ്ടതു്. സമസ്യഷ്ടങ്ങളെ ശക്തിക്കൊത്തവിധവും നിസ്സ്വാർത്ഥമായും സേവിച്ചുകൊള്ളാമെന്നുള്ള പ്രതിജ്ഞാവാചകത്തോടെ കലാശാലകളിൽനിന്നു വെളിയിൽ ഇറങ്ങുന്ന യുവാക്കന്മാർ നേരേമറിച്ചു് സമസൃഷ്ടങ്ങളെ മുൻപുപറഞ്ഞ രീതിയിലുള്ള പാമരനടന്മാരുടെ ആദർശപ്രകടനത്തിനു ലക്ഷ്യങ്ങളാക്കിത്തള്ളി ഉദരപൂരണത്തിനുള്ള ഇതരമാർഗ്ഗങ്ങൾ ആരായുന്നതു് നന്നാണെന്നെനിക്കു തോന്നുന്നില്ല. അതു് ഒരുവിധത്തിൽ ആത്മദ്രോഹവും ആത്മഹത്യയുമാണു്. ചുരുക്കം ഉ

ള്ളവർ അന്ധതയിലും അനഭിജ്ഞതയിലും ആമഗ്നരായി മൃഗീയജീവിതം അനുവർത്തിച്ചുകൊള്ളട്ടെ, തനിക്കുമാത്രം ഉൽകൃഷ്ടഗ്രന്ഥങ്ങൾ പാരായണംചെയ്തും, സരസകാവ്യങ്ങളിൽ രസിച്ചും സുഖജീവിതം അനുഷ്ഠിച്ചുകൊള്ളാം എന്നു വിചാരിക്കുന്നതിനേക്കാൾ കഷ്ടതരമായി മറ്റൊന്നില്ല.

വേറൊരുവിധത്തിൽ നോക്കുകയാണെങ്കിൽ ഇതു് കലാപാടവം ഉള്ള കുറെ ഏറെ ആളുകൾക്കു് മാന്യമായ ജീവിതസൗകര്യം നൽകുകകൂടിയാണു്. ബീ എ ക്കാരും ബീ എൽ ക്കാരും മററും ഇന്നു ദാരിദ്ര്യത്തിൽ കഴിയുന്നതിനും അത്രയും ഒന്നും വിദ്യാഭ്യാസം ചെന്നെത്തിയിട്ടില്ലാത്ത ചെറുപ്പക്കാരിൽ പലരും സുഭിക്ഷതയിൽ കഴിയുന്നതിനും ഉള്ള കാരണം ഉപയോഗപ്രദങ്ങളായ പല തൊഴിലുകളിലും പ്രവേശിക്കുന്നതിനു് അവക്കു വന്നുചേരുന്നതായി പരിഷ്ക്കാർ വിചാരിക്കുന്ന വാദതടസ്സമാണു്. പൊതുജനാഭിപ്രായം എന്ന പിശാചി അവരെ നിത്യദാരിദ്ര്യത്തിലേക്കു വലിച്ചിടുകയാണു് ചെയ്യുന്നതു്. ഉദ്യോഗം ഇല്ലെങ്കിൽ വക്കീൽപണി, വക്കീൽപണി ഇല്ലെങ്കിൽ ഉദ്യോഗം എന്ന രണ്ടു ഖണ്ഡങ്ങളിലായാണു് ഈ പാവങ്ങളുടെ നില്പു്. തന്മൂലം നിതാന്തദാരിദ്ര്യം അവരെ ചുററിപ്പൊതിയുന്നു.

ഒച്ചിറ വേലുക്കുട്ടി എന്ന അക്ഷരശൂന്യനായ നടന്റെ ൧൦൯൮-ാമാണ്ടത്തെ വരവു് ഏഴായിരം രൂപാ ആയിരുന്നെന്നെനിക്കറിയാം. ഇരുപതു രൂപാ ഒരു കളിക്കു് എന്ന നിരക്കു് പ്രായേണ എല്ലാനടന്മാക്കും കിട്ടിവരുന്നുണ്ടു്. മാസത്തിൽ എട്ടു കളികൾക്കു പ്രയാസമില്ല. ആണ്ടിൽ ൧൦ മാസമേ കളിയുള്ളു. 'അങ്ങനെയാണെങ്കിൽ മാസം അറുനൂററമ്പതുരൂപാ ഇന്നു് ഒരു സാമാന്യനടൻ സമ്പാദിക്കുന്നു. നൂററമ്പതുരൂപാ മററുവിധത്തിൽ സമ്പാദിക്കുന്നവരായ ബീ എ ക്കാരുടെ എണ്ണം എത്രയുണ്ടെന്നു് ആലോചിക്കണം. അതുകൊണ്ടു് പരീക്ഷാസമ്പന്നരായ യുവാക്കന്മാക്കു് ഇതു് അത്യന്തം ലാഭകരമായ ഒരു തൊഴിൽകൂടെയാണു്. സഹനസമര വീഥിത്തിൽ എത്ര ബീ എ ക്കാർ സ്വരാജ്യസേവനത്തിനുവേണ്ടി ജയിലിൽ പോയിരിക്കുന്നു! ഇതു് അതിനേക്കാൾ ഉപയോഗപ്രദമായ സേവനമാണെന്നുള്ളതിൽ ലേശമെങ്കിലും സംശയിക്കേണ്ടതായ ആവശ്യമില്ല.

പിന്നീടു വേണ്ടതു ഇന്നു പട്ടണങ്ങളിൽ കാണുന്നതുപോലെ നാട്ടിടകളിൽ നാടകശാലകൾ ഉണ്ടായിരിക്കുകയാണു്. ഇപ്പോൾ താല്ക്കാലികമായി ചിലകൊട്ടകകൾ കെട്ടുകയാണു്. അവയും തീരെപ്പോരാത്തതല്ല. എന്നാൽ ഇന്നത്തെ സഞ്ചാരരീതി അല്പംഒന്നു ഭേദപ്പെടുത്തേണ്ടിയിരിക്കുന്നു. തിങ്കളാഴ്ച കൊട്ടങ്ങല്ലൂർ ആണെങ്കിൽ ചൊവ്വാഴ്ചകൊല്ലത്തു് എന്നമട്ടിൽ ആണു് ഇന്നത്തെ നാടകക്കാർ അലയുന്നതു്. അങ്ങനെ എല്പാടു ചെയ്യാതെ ഓരോ സ്ഥലത്തും രണ്ടുംമൂന്നും ദിവസങ്ങൾ താമസിച്ചു പല കഥകളും അഭിനയിക്കുന്നതും നന്നായിരിക്കും.

ഇങ്ങനെ നമ്മുടെ നാടകവേദിയേ വിദ്യാസമ്പന്നന്മാർ നവീകരിക്കേണ്ടതാണു്. ജായിൻറുസ്റ്റാക്കു കമ്പനികൾ ഉണ്ടായി ഈ പദ്ധതിക്കു സൌകര്യങ്ങൾ നൽകേണ്ടതുമാണു്. ഈ കരുതലിന്മേൽ ഞങ്ങൾ തിരുവനന്തപുരത്തു കഴിഞ്ഞവർഷം ഒരു ആലോചന നടത്തി. എന്നാൽ അതു ഫലപ്രദമായെന്നു പറയുവാൻ തരമില്ല. ഭാഷാഭിമാനികളും, രാജ്യസ്നേഹികളും സേവനസന്നദ്ധരുംആയ യുവാക്കന്മാർ തന്നെയാണു് ഈ മഹോപകാരം നമുക്കു ചെയ്തുതരേണ്ടതു്.

# 'സമാഗമം.'

---

(ഘനമേഘം........)

(ജി. ഭാസ്കരൻനായർ, II U. C.)

I

അമിതദൂരത്തിങ്കൽനിന്നുവന്നു്
അമലേഞാൻനിന്നെക്കണ്ടെത്തിയിന്നു്;
അനവധിക്ലേശനീർചാൽകടന്നു്
അമൃതപയോധിയിലാണ്ടിതിന്നു്.

തവവിരഹത്താൽ ഞാൻവിങ്ങിവിങ്ങി
തരളമെൻകായമുലഞ്ഞൊതുങ്ങി
പ്രകൃതിതന്നിന്ദ്രജാലത്തിലിങ്ങി
പ്രകൃതഹൃദയംതുടിച്ചുപൊങ്ങി.
സുഖദമാംജീവിതപ്പൊയ്കതേടി
സമയംഞാൻപാഴാക്കിയെത്രകോടി!

II

വികസിതചെന്താർതഴകംചൂടി
വിഭവമായ് പാടലസാരിമൂടി
രജനിയാംകാർക്കൂന്തൽകെട്ടിയാടി
രമണിയുഷസിന്റെരംഗമോടി
മമമനതാരിൽ ഞാനെത്രകണ്ടു
മതിയിനിപോകുകതന്നെവേണ്ടു.

സുരഭിലസുന്ദരസൂനവാടി
സുഭഗമാക്കുന്നമധുപധാടി
പുതുതായിപ്പൂത്തൊരുചൂതോദ്യാനം
പുളകിതമാക്കുംകോകിലഗാനം
മമമനമെത്രകൊതിച്ചിരുന്നു
മതിമറന്നെത്രഭജിച്ചിരുന്നു!

## III

പകലവൻവാനിൻെറമദ്ധ്യമായി
പലതുംഹാ! ചൂടിൽകരിഞ്ഞുപോയി;
പറവകൾപോലുംപരിഭ്രമിച്ചു
പതറിപത്രചാൎത്തിലായൊളിച്ചു.
അംബധരത്രിയന്തപിച്ചു
അബുജവൃന്ദംസ്മിതംപൊഴിച്ചു.
തരളിതലോകം സുഷുപ്തി പൂണ്ടു
തരുലതാദലങ്ങൾഖേദത്തിലാണ്ടു.
അവിടെയും ഞാനൊന്നുംകണ്ടതില്ല
അണുപോലുമാശ്വാസംപൂണ്ടതില്ല.

## IV

അനുപമസൗന്ദൎയ്യംവീശിവീശി
അവനിയെജ്ജ്യോതിസ്സിൽപ്പൂശിപ്പൂശി
അരുണവൎണ്ണാഭാനിലപ്രകവം
അണയാൻപോകുന്നൊരുസൂൎയ്യബിംബം
കനകക്കട്ടിയാക്കിവാൎത്തിടുന്ന
കരിമുകിൽവാനിൽകളിച്ചിടുന്നു.
മലയശൈലോദ്ഭൂതമന്ദവായു
മലരിൻ സൗരഭം വഹിച്ചുപായ്വൂ.
ഗഗനവീഥിയിൽ വിലാപലോലം
ഗമനമാൎന്നങ്ങിങ്ങു പക്ഷിജാലം.
ചെന്തളിർച്ചുണ്ടിലാമോദപൂരം
ചുംബനമേറേററവുഴന്നു പാരം
മന്ദവായുവിലങ്ങാടിഭവ്യ
മഞ്ജരിയേന്തി സ്മിതങ്ങൾതൂവി
വന്മരാശ്ലേഷമമന്ദംകൊണ്ടു
വല്ലിലോമഹൎഷണങ്ങൾ പൂണ്ടു.

## V

കനകവാരിധി പൊലിഞ്ഞുപോകെ
കമനീയ കാന്തിയലിഞ്ഞുപോകെ
അണയുവൊരോമൽനിശീഥദേവി
അവികലം മെല്ലെത്തലോടിളവി.
നീലവാനാകുന്ന താലമേന്തി
നിർമ്മല താരസുമങ്ങളാം ചിന്തി
മഞ്ജുകുമുദ ഹൃദന്തകാന്തി
മഞ്ജുളമാക്കുന്നു സോമകാന്തി.
അവിടെയും ഞാൻ നിന്നെക്കണ്ടതില്ല
ആമോദം തെല്ലുമേ പൂണ്ടതില്ല.

## VI

ഇരവുവന്നെന്നെപ്പിടിച്ചുകൈയ്യിൽ
ഇരയായി ചീന്തയങ്ങന്തി വായിൽ;
ഒരുവനമാലംബമെന്യെ ഞാനും
ഒരുങ്ങിയോടി നിന്നെക്കാണുവാനും;
രജനിതൻ നിശ്ശബ്ദശൂന്യതയിൽ
രജതഭാസ്സാളുന്ന നിന്റെ മെയ്യിൽ
പൊലിമചേരുന്നോരുല്ലാഭകാണാൻ
പൊരുതുമെൻ ജീവിതം പേറി ഹാ! ഞാൻ.
തവ വരവെന്നും ഞാൻ പാർത്തുവാടി
തരളിതനായിക്കഴിഞ്ഞുകൂടി.
അമിതബാലാമോദമാർന്നഹൃത്തി
ന്നരുണുദയവനാന്ത്യത്തിലെത്തി.

## VII

ഹ! ഹ! ഹ! പെട്ടെന്നെന്റെ മുന്നിലിതാ
ഹരിതദീപ്തിതന്റെ പൂരമിതാ
വിതറിവിൺമണ്ഡലം പൂതമാക്കി
വിലസിടുന്നെൻമനം ശുഭ്രമാക്കി
ഒരു മനോമഞ്ജുള സൂനമതാ
ഒളി വിതറിക്കൊണ്ടു നില്ക്കുന്നിതാ.

മനുജജീവിതമഞ്ജുവാടി
മഹിതമാക്കുന്ന മനോജ്ഞതോടി
ശ്രന്നിതജീവിതതമസ്സിലേക
വിജയമായിമിന്നുന്നവജ്റദീപം!

## VIII

മുമുക്ഷുവിൻസ്ഥാനംഞാൻതേടിലോകം
മുഴുവനലഞ്ഞുനടന്നുമൂകം;
പ്രകൃതിതൻസൗന്ദര്യകേളീരംഗം
പ്രഭവിതറീടുന്നപോതഭൃംഗം
വിലസിടുന്നോരീമനോജ്ഞാരണ്യം
വിഭവമാക്കുന്നകുസുമപുണ്യം
അരിയൊരുമുരൾച്ചെടിക്കുള്ളിൽനിന്നു്
അരുളിയെൻചിത്തകമിതമിന്നു്.
ബഹളമന്നിൽനിന്നുദൂരമായി
ബ്ഭുവനശാന്തതയ്ക്കേകാന്തമായി
വസിതമാംകാനനകർമ്മസൂനം
വസന്തമെൻഹൃത്തിനിന്നേകുന്നൂനം!
അനഘേനിൻരൂപത്തെലോകമെല്ലാം
അപലപിച്ചാലുംഞാൻകേൾക്കുമെല്ലാം.
അനുഭവസാരസ്യംനിൻറെഗാത്രം
അറിവതൊന്നത്രെയെൻ ചിത്തനേത്രം!

## IX

അമിരദൂരത്തിങ്കൽനിന്നുവന്നു്
അമലേഞാൻനിന്നെക്കണ്ടെത്തിയിന്നു്;
അതുലമാംമോദമിയററിമേലിൽ
അനഘേയെൻഹൃത്തിൽ വസിക്കുമേലിൽ!

# കലകളുടെ ഉദ്ഭവം.

( കെ. പി. കേശവൻ. III U. C. )

മനുഷ്യവിജ്ഞാനം രണ്ടു വൻപിച്ച ശാഖകളായി പടൎന്നുകിടക്കുന്നു: ഒന്നു കല, മറേറതു ശാസ്ത്രം. കല പ്രാകൃതവികാരങ്ങളുടെ ഫലമാണെങ്കിൽ, ശാസ്ത്രം പ്രൗഢമായ ഗവേഷണബുദ്ധിയുടെ സന്താനമാകുന്നു. ജീവിതവും കലയും തമ്മിൽ അഭേദ്യമായ ഒരു ബന്ധം നിലനില്ക്കുന്നുണ്ടു്. "ഒരു സാധാരണന്റെ നിത്യജീവിതത്തിൽപോലും കലകളുടെ അസ്ഫുടമായ സൌന്ദൎയ്യം പ്രത്യക്ഷപ്പെടുന്നു" എന്നു രവീന്ദ്രനാഥടാഗോർ പറഞ്ഞപ്പോൾ, കലയും ജീവിതവും തമ്മിലുള്ള ബന്ധത്തെ അദ്ദേഹം പ്രകാരാന്തരേണ സൂചിപ്പിക്കുകയാണു ചെയ്തതു്. ഇന്നത്തെ ലോകപരിഷ്കാരം ഈ തത്വത്തെ ഒന്നുകൂടി ബലപ്പെടുത്തുന്നതേയുള്ളൂ. നാഗരികൻമുതൽ കിരാതൻവരെ കലാസമ്മിശ്രമാണു ഇന്നത്തെ ലോകം. അതിനാൽ കലകളുടെ ആവിർഭാവം എങ്ങനെ എന്നും, അവയുടെ ആദിരൂപം എന്തായിരുന്നു എന്നും ഉള്ള വിചിന്തനം നമ്മിൽ അധികംപേൎക്കും രസകരമായിരിക്കുമെന്നു വിശ്വസിക്കുന്നു.

മനുഷ്യന്റെ ആന്തരികമായ വാസനകൾ പരിതഃസ്ഥിതികൾക്കും, സന്ദർഭങ്ങൾക്കും അനുസരിച്ചു് നാനാരൂപങ്ങളിൽ പ്രത്യക്ഷപ്പെട്ടതാണത്രെ കലകൾ. കൃഷികവൃത്തിയുടെ ആവിർഭാവത്തിനുമുമ്പു്, മനുഷ്യൻ കേവലം പച്ചമാംസം ഭക്ഷിച്ചു്, നായാടിയായിക്കഴിഞ്ഞ ഒരു കാലമുണ്ടായിരുന്നല്ലൊ. ആ കാലഘട്ടത്തിൽത്തന്നെ കലകളും ഉത്ഭവിച്ചിട്ടുണ്ടെന്നാണു് Professor Crosseന്റെ മതം. കാട്ടുജാതിക്കാരുടെ ആചാരങ്ങളും, അവരുടെജീവിതോപകരണങ്ങളും, ഇന്നത്തെ സമുദായശാസ്ത്രജ്ഞന്മാർ കലാപരമായിക്കൂടി ഒന്നു പരിശോധിക്കുവാൻ തുനിയുന്നതായാൽ കലയുടെ പല മൗലികതത്വങ്ങളും വെളിപ്പെടുമെന്നു് അദ്ദേഹം അഭിപ്രായപ്പെടുന്നു. ഗവേഷകന്മാരുടെ ശ്രമങ്ങൾ ഈ വിഷയത്തിൽ ഗണ്യമായ സേവനം ചെയ്തിട്ടുണ്ടെന്നു സമ്മതിച്ചേ തീരൂ. ഭൂഗൎഭത്തിൽനിന്നും കുഴിച്ചെടുത്തിട്ടുള്ള പുരാതനവസ്തുക്കളുടെ അവശിഷ്ടങ്ങൾ, കലകളുടെ ആദിപ്രകൃതത്തെപ്പററിയുള്ള പലേ അനുമാനങ്ങൾക്കും നമ്മെ പ്രാപ്തരാക്കുന്നുണ്ടു്. അനവധി വർഷങ്ങൾക്കു മുമ്പു് കാട്ടുജാതിക്കാരായ ഒരുകൂട്ടം അപരിഷ്കൃതന്മാർ അധിവസിച്ചിരുന്ന പശ്ചിമഫ്റാൻസിലെ ചില പുരാതനഗുഹകളിൽ പരിശോധിച്ചകൂട്ടത്തിൽ കണ്ടുകിട്ടിയിട്ടുള്ള വന്യജന്തുക്കളുടെ പല്ലുകൾ, അവയിൽ നിൎമ്മിച്ചുകാണുന്ന സുഷിരങ്ങൾകൊണ്ടു് മനുഷ്യർ ഒരുകാലത്തു് ആഭരണമായി ഉപയോഗിച്ചവയായിരിക്കണം എന്നു ചരിത്രകാരന്മാർ ഊഹിക്കുന്നു. ഇതു തികച്ചും അലങ്കാരഭ്രമത്തിൽനിന്നും ജനിച്ച ഒരു അഭിരുചിയായിരുന്നു എന്നു വ്യാഖ്യാനിക്കുന്നതു ശരിയല്ല. വേട്ടയാടിയായ ആദിമനുഷ്യൻ നായാട്ടിൽ കൊന്ന വന്യമൃഗങ്ങളുടെ ദന്തങ്ങൾ പറിച്ചു മാല കോൎത്തണിഞ്ഞതു് ഒരു വിജയമുദ്രയായി മാത്രമേ വരാൻ വകയുള്ളൂ. ഈ ഊഹം ശരിണെങ്കിൽ, Robert Spencerഅദ്ദേഹത്തിന്റെ Principles of Sociology എന്ന ഗ്രന്ഥത്തിൽ ആഭരണത്തിന്റെ ഉൽപത്തി വിജയമുദ്രയിൽ നിന്നാണെന്നു പറയുന്ന അഭിപ്രായത്തിനു് അതു് ഉപോദ്ബലകവുമാണു്. ശരീരാലങ്കാരരീതികൾ പരിഷ്കൃതവൎഗ്ഗങ്ങളുടെ ഇടയിൽ എത്ര വിപുലവും, അത്ഭുതകരവുമായവിധം പ്രചരിച്ചിരിക്കുന്നു

എന്ന സംഗതി നമുക്ക് ഇന്നറിവുള്ളതാണ്. എന്നാൽ അപരിഷ്കൃതസമുദായങ്ങളുടെ ഇടയിൽ ഈ വാസന പൂർവ്വകാലംമുതൽ നിലനിന്നുപോന്നതത്രെ. "കരചരണങ്ങളിൽ തൊങ്ങലുകൾ ധരിക്കുക, ശരീരത്തിൽ ആകമാനം പച്ചകുത്തുക, വിവിധരീതികളിൽ മുടിചീകിക്കെട്ടുക മുതലായി ശ്രമകരവും വിധാനപൂർവ്വവുമായ അലങ്കാരങ്ങൾപോലെ സ്ഥിരപ്രതിഷ്ഠ ലഭിച്ച മറെറാരു ശീലവും വനവർഗ്ഗത്തിൻെറ ജീവിതത്തിൽ കാണവാൻ സാധിക്കുന്നതല്ല'' എന്ന Baldwin Brown അഭിപ്രായപ്പെട്ടിട്ടുള്ളതു് ആഫ്റിക്കൻ നീഗ്രോകളേയും, ആസ്ത്രേലിയൻ കാട്ടുജാതികളേയുംപററി അറിവുള്ള ആരും വാസ്തവമെന്ന സമ്മതിക്കുകതന്നെ ചെയ്യും.

സ്വന്തം ശരീരംപോലെ സ്നേഹിച്ചിരുന്ന ആയുധവും പുരാതനമനുഷ്യർ അലങ്കരിക്കുക പതിവായിരുന്നു. ഇന്നും ഈ സമ്പ്രദായം കാട്ടുജാതിക്കാരുടെ ഇടയിൽ നിലനില്ക്കുന്നുണ്ടു്. വാസനയുടെ പരിണാമസ്വഭാവം നോക്കിയാൽ, ഇതു ദേഹാലങ്കാരശീലത്തിനു മുമ്പുതന്നെ ഉത്ഭവിച്ചതായിരിക്കണം എന്നൂഹിക്കേണ്ടിയിരിക്കുന്നു. എന്തെന്നാൽ ആയുധസൃഷ്ടി ഒരു നിർമ്മാണകലയാണ്; അതിൽ അലങ്കാരപ്പണി സാങ്കേതികമായി നോക്കിയാൽ ഒരു നവീനകലയുടെ ആരോപണമല്ല. ഗുഹാവാസികളുടെ ഇടയിൽ ആയുധാലങ്കാരത്തിനു ദേഹാലങ്കാരത്തേക്കാൾ അധികം അഭിവൃദ്ധി സിദ്ധിച്ചിരുന്നു എന്ന വസ്തുതയും മേല്പറഞ്ഞ ഊഹത്തെ ബലപ്പെടുത്തുന്നുണ്ടു്.

ഇന്നു ലോകത്തിലെ നാനാഭാഗങ്ങളിലായി ചിന്നിച്ചിതറിക്കാണപ്പെടുന്ന കാട്ടുമനുഷ്യരുടെ സ്ഥിതി പരിശോധിക്കുന്ന ഒരാളിനെ പ്രത്യേകം ആകർഷിക്കുന്ന അംശം അവരുടെ നൃത്തവിദ്യയാണ്. "നൃത്തകലയുടെ അവിച്ഛിന്നവും, അസാധാരണവുമായ പ്രയോഗംപോലെയും, അതിൻെറ സാർവത്രികതപോലെയും, പൂർവ്വമനുഷ്യരുടെ പ്രായോഗികജീവിതത്തിൽ അത്രദൃഢമായി വേരുറച്ച മറെറാരഭ്യാസം ഉണ്ടോ എന്ന സംശയമാണ്" എന്നത്രെ സുപ്രസിദ്ധമനുഷ്യവിജ്ഞാനിയായ Biicher പ്രസ്താവിക്കുന്നതു്. ഈ കൂട്ടത്തിൽ ഇന്നുംനിലനിന്നുപോരുന്ന ഒരു മാതൃകയാണ് ആസ്ത്രേലിയൻ കാട്ടുജാതിക്കാരുടെ Corroborri എന്ന നൃത്തവിശേഷം. മോടിയും, മാതിരിയും മററും കണ്ടാൽ അതു് ഒരു പരിഷ്കൃതജനസമുദായത്തിൻെറ വിനോദമെന്നേ തോന്നുകയുള്ളു. എന്നാൽ അതിൻെറ പുരാതനത്വം കുറിക്കുന്ന ഒരു അംശം ഇന്നും നിലനില്ക്കുന്നുണ്ടു്. നൃത്തം തുടങ്ങിയാൽ അവസാനിക്കുന്നതു് നർത്തകൻ ക്ഷീണിച്ചു നിലം പതിക്കുമ്പോൾ മാത്രമാണ്. ശരീരായാസമായിരുന്നു നൃത്തവിദ്യയിലെ അതിപ്രധാനമായ ഘടകം എന്നത്രെ ഇതു സൂചിപ്പിക്കുന്നതു്. നൃത്തവും ഗീതവും സഹോദരകലകളാണല്ലോ. നൃത്തത്തിനോടൊത്തുപാടുന്നപാട്ട് ശ്രദ്ധിച്ചു നോക്കിയാൽ ഒരു സംഗതി എളുപ്പം ബോധപ്പെടും. ശബ്ദജനകസ്ഥാനങ്ങൾക്കു വ്യായാമം കൊടുക്കുന്ന വിധത്തിൽ, ഒരട്ടഹാസത്തോടുകൂടിയാണു ഈ പാട്ടുകളുടെയെല്ലാം ആരംഭം. ഈ സംഗതികളെ ആധാരമാക്കി നോക്കുമ്പോൾ "യുവാവായ നായാടി തൻെറ സഹചാരിയായ വേട്ടപ്പട്ടിയുമായി പ്രഭാതവേളയിൽ വിനോദത്തിനായി ശീലിച്ചുപോന്ന ഓട്ടവും, വഴിയിൽ അന്യോന്യം കാര്യങ്ങൾ ഗ്രഹിപ്പിക്കുന്നതിനു പുറപ്പെടുവിച്ചിരുന്ന ആർപ്പുവിളിയും, കൂക്കാരശബ്ദവുമാണ് നൃത്തവിദ്യയ്ക്കും, സംഗീതവിദ്യയ്ക്കും ബീജാവാപം ചെയ്തിട്ടുള്ളതെന്നു Baldwin Brown പറയുന്ന അഭിപ്രായം ഏറെക്കുറെ സ്വീകാര്യമാണെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു.

ചിത്രമെഴുത്തും, കൊത്തുപണിയും ആദികലകളുടെ കൂട്ടത്തിൽപെട്ടവയാണെന്നു വിചാരിക്കാൻ വഴികാണുന്നില്ല. എന്തുകൊണ്ടെന്നാൽ ഇവരണ്ടും പ്രൌഢമായ ബുദ്ധിവ്യാപാരംകൊണ്ടുമാത്രമേ സാധിക്കുകയുള്ളു. കലാകാരൻ മാതൃകയായി സ്വീകരിക്കുന്ന വസ്തുവിൽ അവന്റെ മുഴുവൻശ്രദ്ധയും കേന്ദ്രീകരിക്കുന്നതിനും, അതിനെ തന്റെ സൃഷ്ടിയായ പകപ്പിനോടു് അനുപദം താരതമ്യപ്പെടുത്തി നോക്കുന്നതിനും, വസ്തുവിനു് അതിന്റെ ബാഹ്യസംബന്ധങ്ങളിൽനിന്നും വേർതിരിച്ചു് ചിന്തയിൽ നിയമിക്കേണ്ടതായി വരുന്നു. മാതൃക കേവലം കല്പനാമാത്രമാകുമ്പോൾ ഈ വിഷമം കൂടുകയും ചെയ്യുന്നു

കൊത്തുപണിയുടെ പുരാതനരൂപം വെളിപ്പെടുത്തുന്ന ചില മാതൃകകൾ ഫ്റാൻസിലെ ഗുഹകളിൽ ജീവിച്ചിരുന്ന കാട്ടുമനുഷ്യൻ നിർമ്മിച്ചിട്ടുള്ളതെന്നു് ഊഹിക്കപ്പെടുന്ന ചില അത്ഭുതശില്പങ്ങളുടെ അവശിഷ്ടങ്ങളിൽനിന്നും നമുക്കു ലഭിച്ചിട്ടുണ്ടു്. പാരീസിനടുത്തുള്ള St. Germain എന്ന പ്രദർശനശാലയിൽ കാണുന്ന ഒരു മാതൃക അവയിൽ ഏററവും ശ്രദ്ധാർഹമായ ഒന്നാണു്. ഒരു ※ മാമത്തിന്റെ (Mammoth) കൊമ്പു മുറിച്ചെടുത്തു്, അതിൽ ആ ജന്തുവിന്റെ തന്നെ രൂപം അതിവിശദവും അത്ഭുതകരവുമായ രീതിയിൽ കൊത്തിയിരിക്കുന്നു. ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായത്തിൽ ഇതിനു് അമ്പതിനായിരം കൊല്ലത്തോളം പഴക്കമുണ്ടത്രെ. അതുപോലെതന്നെ Germain പ്രദർശനശാലയിൽ കാണുന്ന മറെറാരുശില്പം ആധുനികകലാലോകത്തിനു ലഭിച്ചിട്ടുള്ള അമൂല്യസമ്പത്തുകളിൽ ഒന്നായി ഗണിച്ചുവരുന്നു. അതു Reindeer എന്ന ഒരു ധ്രുവജന്തുവിന്റെ കൊമ്പിൽ കൊത്തിയിട്ടുള്ള ഒരു കഠാരിയാണു്. ഒരു അസാമാന്യകലാകൃതിന്റെ പാടവവും, കല്പനാശക്തിയും അതിൽ തെളിഞ്ഞുകാണുന്നുണ്ടു്. കഠാരിയുടെ പിടി റെയിൻഡീയറിന്റെ ആകൃതിയിൽതന്നെയാണു നിർമ്മിച്ചിട്ടുള്ളതു്. മുൻകാലുകൾ നെഞ്ചോടടുപ്പിച്ചു മടക്കി, പിൻകാലുകൾ നീട്ടി കഠാരിമൂലത്തിൽ സന്ധിപ്പിച്ചു്, കൊമ്പുകൾ മുതുകിൽ പററിക്കിടക്കത്തക്കവണ്ണം തല പിന്നോട്ടു തള്ളി നീണ്ടുകിടക്കുന്ന റെയിൻഡീയറിന്റെ രൂപത്തിൽ അതു രചിച്ചിരിക്കുന്നു. വെറും രൂപം എന്ന വസ്തുതയേയും കവിഞ്ഞുനില്ക്കുന്ന വൈശിഷ്ട്യം അതിൽ ഒരു കലാനിരൂപകൻ ദർശിക്കുന്നുണ്ടു്. ഒരു ജന്തുവിന്റെ ആകൃതി അലങ്കാരവൃത്തിക്കുചിതമായി നിയന്ത്രിച്ചിരിക്കുന്ന കലാവൈദഗ്ദ്ധ്യമാണു് അതിൽ പൊന്തിനില്ക്കുന്നതു്. ഇങ്ങിനെ പല വിശിഷ്ടമാതൃകകളും ശാസ്ത്രാന്വേഷകന്മാരുടെ നിരന്തരപരിശ്രമത്തിന്റെ ഫലമായി ഇന്നു നമുക്കു ലഭിച്ചിട്ടുണ്ടു്. അവയിലെല്ലാം ഒന്നുപോലെ പ്രകടമായി നില്ക്കുന്ന കലാസൗന്ദര്യത്തിന്റെ പ്രേരണ, അവ ജനിച്ച പരിതസ്ഥിതികളെ ആശ്രയിച്ചിരിക്കുന്നു എന്നാണു് Grosse അഭിപ്രായപ്പെടുന്നതു്. രൂപങ്ങൾ കൊത്തിയും വരച്ചും പ്രകൃതിയെ പകർത്തി വച്ചതു് പ്രായേണ നായാടികളാണെന്നും ആ വർഗ്ഗത്തിനു സഹജമായ സൂക്ഷ്മനിരീക്ഷണശീലവും, കൈവഴക്കവുമാണു് അവയെ അത്ര സമഗ്രമാക്കിയിട്ടുള്ളതെന്നും, അത്തരം ശില്പങ്ങളിലെല്ലാം ജന്തുക്കളെമാത്രം വിഷയമാക്കിക്കാണുന്നതു, അവ മാംസവും മത്സ്യവും കൊണ്ടു ജീവിച്ച കിരാതന്റേയും ദാശന്റേയും സൃഷ്ടികളായതുകൊണ്ടാണെന്നും അദ്ദേഹം സമർത്ഥിക്കുന്നു.

ആംഗ്യകലയുടെ ആദിപ്രകൃതത്തെപ്പററി സ്വീകാര്യമായ ഒരു മതം ചില തത്വാന്വേഷികൾ പുറപ്പെടുവിച്ചിട്ടുണ്ടു്. ഏതെങ്കിലും ഒരു വസ്തു ചലിച്ചുകൊണ്ടിരിക്കുന്ന അവസ്ഥയിൽ ബുദ്ധിയെ അഭിമുഖീകരിക്കുമ്പോൾ ആ ചലനത്തെ അനുസരിച്ചുള്ള

※ ഭൂമിയിൽ വർഗ്ഗം നശിച്ചുപോയ ഒരു ഭയങ്കരസത്വം.

ചില ചേഷ്ടകൾ നമ്മിലും സംഭവിക്കുന്നു. ഒരു കുട്ടി പണിപ്പെട്ട്, ശ്രദ്ധാപൂർവം ഒരു വണ്ടിച്ചക്രത്തിൻേറയോ മററൊ രൂപം വരയ്ക്കാൻ ശ്രമിക്കുമ്പോൾ, അവനറിയാതെ തന്നെ അവൻെറ നാവുകൂടി വളഞ്ഞുകൊള്ളുന്നതായിക്കാണാം. ബ്രെസിൽപ്രദേശത്തെ വനവാസികൾ ഒരു ജന്തുവിനെ വിവരിക്കുന്ന സമ്പ്രദായവും, ആ ജന്തുവിനെ അനുകരിച്ചു ശബ്ദിച്ചിട്ട്, വിരൽകൊണ്ട് ആകാശത്തിലോ ഒരു കമ്പുകൊണ്ടു നിലത്തോ അതിൻെറ ആകൃതി വരച്ചു കാണിക്കുകയാകുന്നു. ഇതു പൂർവ്വവാസനയുടെ ഒരു തനിരൂപമാണ്. എന്നാൽ കാലം അതിൻെ പ്രാഥമികാവസ്ഥയ്ക്ക് ഒരു പരിണാമം വരുത്തി. രൂപങ്ങൾക്കു സ്ഥിരവും ശാശ്വതവുമായ പ്രതിഷ്ഠ കൊടുക്കുവാനായി കൽക്കൊരിയുടെ മുനകൊണ്ട് മൃദുവായ എന്തെങ്കിലും സാധനത്തിന്മേൽ അമർത്തിവരച്ചു അതിനെ അതിൻെറ കർത്താവു സൂക്ഷിക്കുവാൻ തുടങ്ങി. ഇങ്ങനെ ആംഗ്യകലയുടെ ഒരു പരിണാമാന്തരമാണ് ശില്പകലയായി പ്രത്യക്ഷപ്പെട്ടതെന്നത്രെ പണ്ഡിതന്മാരുടെ മതം.

രൂപങ്ങൾ കൊത്തുന്നതിൽമാത്രമല്ല പുരാതനമനുഷ്യരുടെ വാസന പ്രത്യക്ഷപ്പെട്ടതു്; പ്രകൃതിവസ്തുക്കളെ അനുകരിച്ച് ബിംബങ്ങൾ നിർമ്മിക്കുവാനും അവർ ശ്രമിച്ചു. ഈ ആഗ്രഹത്തിൻെറ പ്രേരണകൾ നമ്മുടെ നിത്യജീവിതത്തിൽതന്നെ അനുഭവപ്പെടുന്നവയാണ്. എങ്ങിനെ എന്നാൽ ഒരു പക്ഷിയുടെയോ, മൃഗത്തിൻേറയോ രൂപത്തോടു സാദൃശ്യമുള്ള ഒരു ശിലാഖണ്ഡം നമ്മുടെകൈയിൽകിട്ടിഎന്നിരിക്കട്ടെ, അതിനെ തേച്ചും, ഉരച്ചും മററും അതിൽ ദർശിച്ച അവ്യക്തരൂപയ്ക്കു സ്ഫുടതയും, പൂർണ്ണതയും വരുത്തുവാൻ നാം കൊതിക്കുന്നതു് സ്വാഭാവികമാണ്. ദേശപരിജ്ഞാനമില്ലാത്ത പാന്ഥൻ വഴിയിൽ കണ്ട കർഷകനോടു വഴി ചോദിക്കുന്നു. അവൻ കൈയുയർത്തി വിരൽചൂണ്ടി വഴി കാണിച്ചുകൊടുക്കുന്നു. ആ ചേഷ്ടയെ സരൂപവും ശാശ്വതവുമായി കലയിൽ പ്രതിഷ്ഠിച്ചതാണ് രാജപാതയിൽ കാണുന്ന കൈചൂണ്ടിപ്പലകകൾ.

പരിണാമത്തിൽ ഓരോരോ കലകളായി കലാശിച്ച പ്രാഥമികവ്യാപാരങ്ങളെന്തെല്ലാമെന്നാണ് മേൽ പ്രസ്താവിച്ചതു്. എന്നാൽ ഇവയെ കലകൾ എന്നു നാമകരണം ചെയ്യാമോ? ഇവയെല്ലാററിനും സാമാന്യമായ എന്തെങ്കിലും ആശയങ്ങൾ ഇവയിൽ കാണുന്നുണ്ടോ? ഈ പ്രശ്നങ്ങൾക്കുകൂടി സമാധാനം തേടേണ്ടിയിരിക്കുന്നു. ശരീരാലങ്കാരം വ്യക്തിവൈശിഷ്ട്യം പ്രഖ്യാപനം ചെയ്യുന്നതിനു് കണ്ടുപിടിച്ച ഉപാധിയായിരുന്നു എന്നു വാദിക്കാം; നൃത്തഗീതങ്ങൾ മനുഷ്യനിൽ വർദ്ധിച്ച അതിശക്തിയുടെ ബഹിഃപ്രകടനമായിരുന്നു എന്നു വ്യാഖ്യാനിക്കാം; ആയുധങ്ങളിൽ ജന്തുക്കളുടെയും മററും രൂപം കുറിച്ചുവെച്ചതു് വെറും വിനോദമായിരുന്നു എന്നു സാധിക്കാം; ചിത്രമെഴുത്തും കൊത്തുപണിയും ചില സാങ്കേതികാവശ്യങ്ങൾക്കുള്ള ഉപകരണങ്ങളായിരുന്നു എന്നു സമർത്ഥിക്കാം. അപ്പോൾ ഇവ കലാപ്രചോദനത്തെ വിശദീകരിക്കുന്ന ഏതെങ്കിലും സാമാന്യനിയമത്തിൻെറ പരിധിയിൽ സന്ധിക്കുന്നുണ്ടോ? "നിഷ്കാമമായ സൗന്ദര്യപ്രേമത്തിൻെറ സന്താനമാണ് കല" എന്ന പഴയമതം അലങ്കാരവിഷയത്തിലല്ലാതെ, രേഖാചിത്രങ്ങളുടെ കാര്യത്തിൽ സാധുവാകുന്നില്ല. എന്തുകൊണ്ടെന്നാൽ Vonder Steiner പറയുന്നതുപോലെ, ആദിമനുഷ്യൻ ചിത്രം വരച്ചതു് ചില സാങ്കേതികമായ ഉദ്ദേശങ്ങളെ മുൻനിർത്തിക്കൊണ്ടായിരുന്നു; അല്ലാതെ അതു് പ്രകൃതിസൗന്ദര്യത്തിൻെറ ചിത്രീകരണത്തിനായിരുന്നില്ല. "രസിപ്പിച്ചു് ആകർഷിക്കുവാനുള്ള ഒരു വൈഭവം" എന്നു കലാവാസനയ്ക്കു് Henry R. Marshall കൊടുക്കുന്ന നിർവചനവും സാർവത്രികമാണെന്നു സമ്മതിക്കുവാൻ നിവൃത്തിയില്ല. നൃത്തഗീതങ്ങളുടെ

ആദിസ്വഭാവത്തെ സംബന്ധിച്ചിടത്തോളം ഇതു ശരിയല്ല. പോരെങ്കിൽ ചില കാട്ടുജാതിക്കാർ ശത്രുക്കളെ ഭീതിപ്പെടുത്തുവാനായിട്ടാണ് ശരീരം അലങ്കരിക്കുന്നതെന്നു Hirn അദ്ദേഹത്തിന്റെ Origin എന്ന കൃതിയിൽ രേഖപ്പെടുത്തിയിരിക്കുന്നതും ഈ വിഷയത്തിൽ ശ്രദ്ധേയമാണ്. ആദിമനുഷ്യരെ സംബന്ധിച്ചിടത്തോളം ശ്രമവും കളിയും അഭിന്നങ്ങളായിരുന്നു എന്നും, കളിയായി നിർവഹിക്കാവുന്ന അദ്ധ്വാനം മാത്രമേ അവർക്കു പരിചിതമായിരുന്നുള്ളു എന്നും, അതിനാൽ കളിയിൽനിന്നാണ് കലകളുടെ ഉത്ഭവമെന്നും വാദിക്കുന്ന Spencer പ്രഭൃതികളുടെ അഭിപ്രായം നൃത്തഗീതങ്ങളുടെ വിഷയത്തിൽ ശരിയാണെന്നു സമ്മതിക്കാമെങ്കിലും, ദേഹാലങ്കാരത്തിന്റെ പൂർവഗാമിയായ വിജയമുദ്രാധാരണത്തിന്റെ കാര്യത്തിൽ അനുവദനീയമാണെന്നു തോന്നുന്നില്ല.

പിന്നെയോ, കലാപ്രമോദനം സ്വതന്ത്രവും അകൃത്രിമവുമായ ഒരു വികാരമാണ്. അതിന്റെ ആവിഷ്കരണത്തിന് ഒരു കലാകാരൻ പ്രേരിതനാകുന്നതു് അതിന്റെ ആനന്ദദായകത്വം എന്ന ഗുണത്താലാണ്. കല തികച്ചും വ്യക്തിപരമാകുന്നു; ഒരിക്കലും സാമൂഹ്യമല്ല. എന്നാൽ സാമൂഹ്യപ്രേരണകളും സഹകരണങ്ങളും കലയുടെ പുരോഗതിയെ സാരമായി സഹായിച്ചിട്ടുണ്ടെന്നു സമ്മതിക്കുന്നു. അസാധാരണധീരത പ്രകടിപ്പിച്ചു് വന്യമൃഗത്തെ വധിച്ച വേട്ടക്കാരൻ അവന്റെ വിജയത്തെ ആഘോഷിക്കുന്നതിനുള്ള സ്വാർത്ഥാഭിലാഷത്താൽ പ്രേരിതനായിട്ടാണല്ലോ അതിന്റെ ദന്തങ്ങൾ തുളച്ചുകോർത്തു് ആഭരണമുണ്ടാക്കിയതു്. Robert Louis Stvenson അദ്ദേഹത്തിന്റെ Kidnapped എന്ന കൃതിയിലെ Alan Breck എന്ന കഥാപാത്രം ഒരു യുദ്ധത്തിൽ വിജയിയായി മടങ്ങിയ ഉടൻ തന്റെ "ഖഡ്ഗഗീതാ"നിർമ്മാണത്തിൽ ഉദ്യുക്തനാകുന്നതായി വർണ്ണിച്ചിരിക്കുന്നു. വളരെ അർത്ഥവത്തായ ഒരു സങ്കല്പമാണിതു്. കലാപ്രമോദനത്തിന്റെ ഒരു ഗൂഢമായ തത്വമാണ് കവി അതിൽ അനാച്ഛാദനം ചെയ്തിരിക്കുന്നതു്. ഇവിടെ Breck ന്റെ കലാപരിശ്രമം തികച്ചും വ്യക്തിപരമാണെന്നും, ആനന്ദാനുഭൂതിമാത്രമാണ് അതിന്റെ പരമലക്ഷ്യമെന്നും വ്യക്തമാണല്ലോ. നൃത്തഗീതങ്ങളെ സംബന്ധിച്ചും ഈ തത്വത്തിനു വേണ്ടുവോളം പ്രസക്തിയുണ്ടു്. ആശയവിനിമയത്തിന് ഏററവും ലഘുവായ മാർഗ്ഗം ഒരംഗവിക്ഷേപമാണ്. ദേഹായാമത്തിൽ ഉത്ഭവിച്ച ആട്ടത്തിന്റെ ശ്രമപരിഹാരത്തിനുള്ള ഔഷധമായിരുന്നു പാട്ട്. ആരോഗ്യദൃഢഗാത്രനായ യുവാവിനു് ദേഹാദ്ധ്വാനം എത്ര ഉല്ലാസകരമായ ഒരു വിനോദമാണെന്നു പറയേണ്ടതില്ലല്ലോ. ഇങ്ങനെ നോക്കിയാൽ എല്ലാ കലാപരിശ്രമങ്ങളും അവയുടെ ആനന്ദാത്മകത്വത്തിൽനിന്നുത്ഭവിച്ചവയാണെന്നു സിദ്ധിക്കുന്നു. "ആനന്ദം ആവിഷ്കരണത്താൽ സ്വയം പൊട്ടുന്നു". അനുകരണത്തിൽ മാതൃകയും മാതൃകയിൽ അനുകരണവും ദർശിക്കുവാൻ കലാകാരനെ പ്രാപ്തനാക്കുന്ന ഛായാസാദൃശ്യംപോലും ആനന്ദദായകമാണ്. "ഓരോ കലാകാരനും തന്റെ കലാസൃഷ്ടിയെ സ്വന്തം സന്താനങ്ങളെപോലെ സ്നേഹിക്കുന്നു" എന്ന പരമാർത്ഥം Aristotle പറയുന്നതിനു മുമ്പും പിമ്പും കലാകാരന്മാർക്ക് അനുഭവപ്പെട്ടിട്ടുള്ളതാണ്.

കല കലയ്ക്കുവേണ്ടി മാത്രമാകുന്നു; അതിനു മറെറാരാദർശമില്ല. പ്രയോജനം ഉന്നമാക്കിച്ചെയ്യപ്പെടുന്ന ഒരു പ്രവൃത്തിയിൽനിന്നും കല അവശ്യം ഭിന്നമാണ്. നിഷ്കാമമായ ഹൃദയവികാരങ്ങളിൽ നിന്നത്രെ കലയുടെ ഉത്ഭവം. ആനന്ദമാണ് അതിന്റെ ജീവൻ. പരിഷ്കാരം കലയുടെ മാതാവല്ല, വളർത്തമ്മയാകുന്നു. കലാവാസന മനുഷ്യനു നിസർഗ്ഗസിദ്ധവും, കലാവ്യാപാരം അവന്റെ ജന്മാവകാശവുമാണ്.

# ‘മാതൃമനോഭാവം.’

തോമ്മസ് ജോസഫ് ചിങ്ങമ്പാമ്പിൽ (ജൂനിയർ ബി. ഏ.)

(മഞ്ജരി.)

ബാലനാം ഭാനുവിൻ ലോലമാം പൊന്നിക-
ളീലോകമാകെച്ചെഞ്ചായം പൂശി.
പ്രാകാരജാലങ്ങളാകാരംകൊണ്ടു സ്വർ-
ല്ലോകം തലോടിടും പ്രാസാദങ്ങൾ
വിശ്വകർമ്മാവിന്നുമാശങ്കതോന്നിയ്ക്കും
വിശ്വവിമോഹന ദേവാലയം
മുന്തിരിവള്ളിയാൽ ചന്തമായ് പട്ടുട-
ത്തന്തസ്സിൽ മേവുന്ന പാദപങ്ങൾ,
ആകവേ സൂര്യനാൽ കാശ്മീരം ചാർത്തപ്പെ-
ട്ടാകെത്തെളിഞ്ഞു വിളങ്ങിയോർശ്ലേം.

* * * *

ജ്ഞാനസമ്പൂർണ്ണൻതാനെങ്കിലുമിപ്പോഴും
ആ ദിനേശോദയജ്ഞാനമെന്യേ
സെതിമരംകൊണ്ടു പുത്തനായ്ത്തീർത്തൊരു
ഉത്തമസോഫായിൽ മെത്തതന്മേൽ
പള്ളിക്കുറുപ്പുകൊണ്ടീടുന്നുണ്ടിസ്രായേൽ
പള്ളിവാളേന്തിടും ജ്ഞാനിശ്ലേമോൻ.

* * * *

ദൃഷ്ടിതിരിച്ചിടാമന്യത്രയിന്നമ്മൾ
കഷ്ടമിക്കാണുന്ന കാഴ്ചയെന്തോ ?
കോടക്കാറൊപ്പം കറുത്തു തഴച്ചുതൻ
നീട്ടററവാർകുഴൽ നീളെച്ചിന്നി
ഗർത്തത്തിലാണ്ടൊരു ചക്ഷുക്കളിൽനിന്നും
പേർത്തുപേർത്തശ്രുക്കൾ വീഴ്ത്തിവീഴ്ത്തി
ഉള്ളിൽതിങ്ങീടുന്ന സന്താപചിന്തകൾ
നിശ്വാസരൂപേണ തള്ളിത്തള്ളി
നെഞ്ഞത്തു കൈവച്ചും ശാന്തതഭാവിച്ചും
കഞ്ജാക്ഷിയേകവരുന്നു നേരേ:—

അല്ലല്ല! പിൻപിലായോടുന്നുണ്ടനന്യ-തൻ
പല്ലവതുല്യമാം പാണികളിൽ
മാറോടടുക്കിപ്പിടിച്ചിട്ടുണ്ടാസ്ഥയാ
‘നീരുപോൽ കേഴുന്ന’ ബാലകനെ.
കാറണിവേണിമാരേതോ ദുരുദ്യോഗത്താൽ
തേടുന്നതുണ്ടെന്തെന്നാരറിഞ്ഞു!
മുഗ്ദ്ധതൻ ചിത്തവും പൂരുഷഭാഗ്യവും
മർത്ത്യന്റെ ബുദ്ധിക്കതീതമല്ലീ ?

* * * *

കൊട്ടാരം തന്നിലന്നണഞ്ഞോരു നാരിമാർ
ഞെട്ടിപ്പോയ് ശ്ലോമോനെക്കണ്ടനേരം.
നീളെച്ചുരുണ്ട തഴച്ച തലമുടി
തോളംവരെത്തൂങ്ങിക്കിടന്നഴകിൽ
മുട്ടോളമെത്തുന്ന മുഷ്ടികൾ ജ്ഞാനസ-
മൃദ്ധിയെക്കാട്ടുന്ന ശാന്തദൃഷ്ടി
വിഷ്ടപമാകവേ കീർത്തിപരത്തുമ
ശ്ലിഷ്ടനാം പൂരുഷനൊത്തവൻതാൻ.
കഞ്ജബാണോപമമാകുമക്കണ്ണുകൾ
കഞ്ജനം ചാർത്തിയ ഭ്രൂക്കൊടികൾ
മന്മഥചാപം കലച്ചുവച്ചായതോ ?
തന്മനോരാജ്യമെന്താരറിവൂ!
ഗൌരവശൃംഗാര കാരുണ്യഭാവങ്ങൾ
ചേരുന്ന ശ്രീയാളും കോമളാസ്യം
കണ്ഠപ്രദേശം കവർന്നുവളർന്നോരു
വണ്ടണിശ്മശ്രുവാൽ ശോഭതേടി.

സ്വപ്രജാരക്ഷണമപ്രതിരോദ്ധ്യമായ്
സുപ്തിയിൽപോലും കരുതീടുന്നോൻ
ചോദിച്ചിതക്ഷണമാനാരിമാരോടായ്
ചോദിതമാനസൻ മാനവേന്ദ്രൻ—
“തന്വംഗിമാരേ! ഈ സന്നമുഖങ്ങളിൽ
ഖിന്നത കാണുവാനെന്തുബന്ധം?
ദാരിദ്ര്യപീഡയോ ചാരിത്രപീഡയോ
നേരായിച്ചൊന്നാലും ശങ്കയെന്യേ ?
ഇസ്രായേൽച്ചെങ്കോലിക്കയ്യിലിരിക്കുമ്പോൾ
വിസ്രംഭമായേതുമോതിടാം തേ”

കുട്ടിയെക്കൈകളിൽ നീട്ടിയും ഹൃത്തടം
പൊട്ടുമാറുച്ചത്തിൽ നിശ്വസിച്ചും
മാറത്തുതാഡിച്ചും കുഞ്ഞിനെച്ചുംബിച്ചും
കാറൊത്ത വേണിയാളോതിയേവം—
"പാഹിമാം! പാഹിമാം! പൊന്നുതിരുമേനി
പാഹിമാം! പാഹിമാം! ദുർഭഗയെ.
ഭർത്താവോ മൃത്യുവിൻ വക്ത്രത്തിൽപെട്ടുപോയ്
സ്വത്തായെനിയ്ക്കുള്ളതിക്കുഞ്ഞുതാൻ.
ദുർഭഗനായതൻ കുഞ്ഞിനെക്കൊന്നിട്ടീ
യർഭകനെ—എന്റെ ജീവനെത്താൻ
തട്ടിയെടുപ്പാനായ് വട്ടമിട്ടീടുന്നു
കുട്ടിനീമെരുചിയീദുഷ്ടനാരി.
വൈധവ്യദുഃഖവും പുത്രനെച്ചൊല്ലിയു
ള്ളാധിയും സാധുവാമേഴയീഞാൻ
എങ്ങനെയുംകൊള്ളുന്നെല്ലാതാശ്രയ
മിങ്ങിവൾക്കീലോകത്താരുമില്ല!"
ഗംഭീരചിത്തനാമാനൃപവീരന്റെ
യംഭോജസന്നിഭ നേത്രയുഗ്മം
സ്തംഭിച്ചരികിലായ് നിന്നിടുമന്യയാം
കുംഭിനീഗാമിനിമേൽ പതിച്ചു.
ഗദ്ഗദകണ്ഠയായഞ്ജലി പൂണ്ടവ
ളുൾഗതമേതാണ്ടീമട്ടിലോതി:—
"ധീരനാം രാജാവേ! നാരികളീഞങ്ങ
ളോരോശിശുക്കൾക്കു മാതാക്കൾതാൻ.
ഇന്നലെ രാവിങ്കലീനില്ക്കും സോദരി
തന്നുടെ പുത്രൻ മരിച്ചുപോയി.
നിദ്രാനിമഗ്നയാമെങ്കലപ്പ്രേതത്തെ
ഭദ്രമായിട്ടിട്ടീയെൻകുഞ്ഞിനെ
മങ്കയാൾ മോഷ്ടിച്ചു—പ്രേതമെനിയ്ക്കുമായ്
സങ്കടം മററില്ല തമ്പുരാനേ!"
കേറിപ്പറഞ്ഞപ്പോൾ മററവൾ, "ഛീ ദുഷ്ടേ!
നീറിപ്പോം നീയിപ്പൊളിക്കൾ ചൊന്നാൽ.
മാമകസൂനുവിനിന്റേതോ ദുർഭഗേ
കേമിനീയിത്രക്കങ്ങായിപ്പോയോ ?"

വാഗ്വാദമിത്തരം കേട്ടതിനെന്തൊന്നു
പ്രൗഢവിപാകേന്ദ്രൻ പ്രത്യുത്തരിയ്ക്കും ?
മൂകനായ് കാൽക്ഷണം കണ്ണടച്ചാമഹാ
വാഗീശൻ നെററിചുളിച്ചിരുന്നു.
സ്വേദകണങ്ങൾ പൊടിച്ചുതൻനെററിയിൽ
മേദുരാകാശത്തിൽ താരകൾപോൽ.
പെട്ടെന്നു ഭാവംപകർന്നു നൃപേന്ദ്രന്നു,
ദൃഷ്ടികൾ ശാന്തതരങ്ങളായി.
ഗൌരവം ചൂഴന്ന ശ്ലേമോന്റെ ദൃഷ്ടിയിൽ
സാരംഗ്രഹിച്ചവർ മൌനികളായ്.
പേർത്തുപേർത്താമഹാൻ നോക്കിരണ്ടാളെയും
ക്ഷാത്രം ജ്വലിച്ചുതൻ കണ്ണിണയിൽ.
ആരെവിടിക്ഷണം ? —നീതിപാലിച്ചിടാൻ
പോരുമെൻ ഖഡ്ഗം—ഞാൻ ഭാഗിക്കട്ടെ!.
ഊക്കനാഗോപും ശ്ലാഘ്യനാം ശ്ലേമോന്റെ
വാക്കുകളേറെറടുത്തുദ്ഘോഷിച്ചു.
സമ്മതഭാവത്തെക്കാട്ടിയാൾ കുട്ടിയെ
തന്മാറിൽപേറുന്ന വാരനാരി.
കുട്ടിയെഭാഗിക്കാനെന്നതു കേട്ടപ്പോൾ
ഞെട്ടിയാൾ പിൻചൊന്ന സന്നതാംഗി.
"അന്നദാതാവാകും പൊന്നുതിരുമേനി
ഒന്നായവൾക്കു കൊടുക്കേണമേ!"
എന്നോതി മോഹിച്ചു വീണവൾ ഭൂമിയിൽ
ചൊന്നാൻ നരേന്ദ്രൻ സരോമഹർഷം:—
"കാൺക സാക്ഷാത്തകും മാതൃമനോഭാവം
തൻകുഞ്ഞു തൻജീവൻ മാതാക്കൾക്കു"
വഞ്ചകിശിക്ഷയും വഞ്ചിതനീതിയും
സഞ്ചയിച്ചപ്പോഴേ പിന്തിരിച്ചു.

# പദപദവി.

(സി. എൻ. അനന്തരാമയ്യാശാസ്ത്രി എം. എ.)

“ഗൃഹീതഇവകേശേഷു
മൃത്യുനാധർമ്മമാചരേത്”

എന്നവചനത്തിലുള്ള പ്രകാരം ഗൃഹീതശബ്ദമേ പ്രചാരത്തിലുള്ളൂ. “അനുഗൃഹീത”ശബ്ദം ഈയിടെ പലരും നടപ്പാക്കാൻ നോക്കുമ്പോൾ അദ്ധ്യേതൃവൃന്ദത്തെ അനുഗ്രഹിക്കയല്ല ചെയ്യുന്നതു്.

“ചേതഃസമാകർഷകമായിട്ടംനിൻ
ഗീതസ്വരത്താൽഹൃതനായിതൊന്നും”

എന്നശ്ലോകാർദ്ധത്തിൽ ആകർഷകത്തിനു് കർത്താവിൽ ക്രിയയായും ഹൃതശബ്ദത്തിനു് കർമ്മണിക്രിയയായും ആണു് അർത്ഥം. ആകർഷണിയം എന്നു് ആകർഷകം എന്ന അർത്ഥത്തിൽ പലരും പ്രയോഗിക്കുന്നതു് വിദ്യാർത്ഥിവൃന്ദത്തെ ആകർഷിക്കുന്നതു് ഭാഗ്യദോഷമാണു്.

“ക്വചിൽപ്രവൃത്തിഃക്വചിദപ്രവൃത്തിഃ”

എന്ന ശ്ലോകപാദത്തിൽ കാണുന്നതുപോലെ പ്രവൃത്തിയും അപ്രവൃത്തിയും നിവൃത്തിയും വിനിവൃത്തിയും സംവൃത്തിയും ആവൃത്തിയും മാത്രമേയുള്ളൂ. ആവർത്തി ആവർത്തി എന്നു് എത്ര പ്രാവശ്യം ആവർത്തിച്ചാലും ദുർന്നടപ്പിനു് കീഴ് നടപ്പുണ്ടോ എന്നുവേണം നോക്കാൻ. ക്ഷീരബലയോ മറ്റോ അല്ലല്ലോ ആവർത്തിച്ചു നന്നാക്കാൻ!

PRINTED AT
The St. Joseph's Orphanage Press, Changanacherry,
PUBLISHED BY
The Principal, St. Berchmans' College, Changanacherry.